# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.18 No.3 കാർത്തികപ്പള്ളി R.No. 7361/02 2018 MARCH

www.vedabhimani.com

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.


വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: **vedabhimani.com**


## കടൽപ്പാലത്തിലും വിമാനമിറങ്ങും



ഇന്ത്യയിൽ ഇനി കടൽപ്പാലത്തിലും വിമാനമിറങ്ങും. രാജ്യത്തെ ആദ്യ കടൽപ്പാലത്തിലെ റൺവേയുടെ നിർമാണം ലക്ഷദ്വീപിലെ അഗത്തി വിമാനത്താവളത്തിൽ ഉടൻതന്നെ ആരംഭിക്കുമെന്ന് എയർപോർട്ട് അഥോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചു. ചെറുവിമാനങ്ങൾ മാത്രം സർവീസ് നടത്തുന്ന ഇവിടെ വലിയ വിമാനം എത്തിക്കുക എന്നതാണ് പുതിയ റൺവേയുടെ ലക്ഷ്യം.

വിമാനത്താവളത്തിൽ നിലവിലുള്ള റൺവേ കടലിലേക്ക് നീട്ടാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ആദ്യം കടലിൽ പാലം പണിയും. പിന്നീട് ഈ പാലത്തിൽ റൺവേ പണിയാനാണ് പദ്ധതി. 1,500 കോടിയാണ് ഇതിനു പ്രതീക്ഷിക്കുന്ന ചെലവ്. മുമ്പ് ഇതിനുള്ള ആലോചനകൾ നടന്നിരുന്നെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി വേണ്ടെന്നു വയ്ക്കുകയായിരുന്നു.

## ഇക്കൊല്ലത്തെ വാക്ക്




ഓക്സ്ഫഡ് ഡിക്ഷണറിയുടെ ഇക്കൊല്ലത്തെ വാക്കായി Youthquake തെരഞ്ഞെടുക്കപ്പെട്ടു. 2017ൽ ഏറ്റവും കൂടുതൽ ഉപയോഗിച്ച വാക്ക് എന്ന നിലയിലാണ് Youthquake തെരഞ്ഞെടുക്കപ്പെട്ടത്. യുവാക്കളുടെ പ്രവൃത്തികൊണ്ടോ സ്വാധീനം മൂലമോ സാംസ്കാരിക, രാഷ്ട്രീയ, സാമൂഹികരംഗത്ത് ശക്തമായ മാറ്റം ഉണ്ടാകുന്നതിനെ സൂചിപ്പിക്കുന്നതാണ് Youthquake എന്ന് ഓക്സ്ഫഡ് ഡിക്ഷണറി വിശദീകരിക്കുന്നു.

ബ്രിട്ടനിൽ ഈ വാക്കിന്റെ ഉപയോഗം 2016ലേതിനെക്കാൾ അഞ്ചു മടങ്ങ് ഈ വർഷം കൂടിയതായി ഓക്സ്ഫഡ് അധികൃതർ വ്യക്തമാക്കുന്നു. 1965ൽ ആണ് ഈ വാക്ക് ആദ്യമായി ഉപയോഗിച്ചതെന്നു പറയുന്നു. ഒരു സാംസ്കാരിക മുന്നേറ്റത്തെ സൂചിപ്പിക്കാൻ ഫാഷൻ മാഗസിനായ 'വോഗിന്റെ' എഡിറ്റർ ഇൻ ചീഫ് ഡൈന വ്രീലൻഡ് ആണ് ഈ വാക്ക് സൃഷ്ടിച്ചത്. ബ്രിട്ടന്റെ ഫാഷൻ, സംഗീത രീതികളിലുണ്ടായ മാറ്റത്തെയായിരുന്നു Youthquake സൂചിപ്പിച്ചത്. അഞ്ചു ദശാബ്ദങ്ങൾക്കു ശേഷം Youthquake പുതിയ അർത്ഥതലങ്ങളോടെ പുനർജീവിച്ചിരിക്കുകയാണ്. ബ്രിട്ടീഷ് പാർലമെന്റ് തെരഞ്ഞെടുപ്പിൽ യുവവോർട്ടർമാർ ലേബർ പാർട്ടിക്കു പ്രതീക്ഷിച്ചതിലേറെ സീറ്റുകൾ നേടിക്കൊടുത്തതോടെയാണു ഈ വാക്ക് വീണ്ടും ശ്രദ്ധ നേടിയത്.

## ഒഴുകുന്ന നഗരം




സമുദ്രത്തിലൂടെ ഒഴുകി നടക്കുന്ന വീടുകൾ, ഹോട്ടലുകൾ, ഓഫീസുകൾ ഒരു നഗരം തന്നെയും. ഒഴുകുന്ന നഗരം എന്നത് ഇനി ഒരു കെട്ടുകഥയല്ല. 2020ൽ അത്തരമൊരു നഗരം ശരിക്കും വരാൻ പോവുകയാണ്. സാൻഫ്രാൻസിസ്കോയിലെ സീ സ്റ്റെട്ലിങ് ഇൻസ്റ്റിറ്റ്യൂട്ടാണ് കൗതുകരമായ ഇത്തരമൊരു പദ്ധതിക്ക് ഒരുങ്ങിയിരിക്കുന്നത്. ഫ്രാൻസുമായി ചേർന്ന് ഒഴുകും നഗരത്തിന്റെ പരീക്ഷണം തുടങ്ങിക്കഴിഞ്ഞു. ഒഴുകുന്ന നഗരവും ജനങ്ങളും കരയിലുള്ള നഗരങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായിരിക്കും. ഈ സങ്കൽപം സത്യമാവാൻ വേണ്ട വില എത്രയെന്നോ? ഏകദേശം പതിനായിരം കോടിയിലധികം രൂപ!

## വിചിത്രനിയമം

കോഴികൾ റോഡ് മുറിച്ചു കടക്കണമെങ്കിൽ ഉടമയും കൂടെയുണ്ടായിരിക്കണം.



നമ്മുടെ നാട്ടിൻപുറങ്ങളിലൊക്കെ റോഡിലൂടെ ഓടി നടക്കുന്ന കോഴികളും പശുക്കളും നായ്ക്കളുമൊക്കെ സാധാരണ കാഴ്ചയാണ്. എന്നാൽ ലോകത്തെല്ലായിടത്തും മൃഗങ്ങൾക്ക് ഇങ്ങനെ സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യമില്ല. ഒരു തെക്കു-കിഴക്കൻ അമേരിക്കൻ സംസ്ഥാനമാണ് ജോർജിയ. ഇവിടുത്തെ കിറ്റ്മാൻ എന്ന സ്ഥലത്ത് കോഴികൾക്ക് പൊതുനിരത്തുകൾ തനിച്ച് മുറിച്ചു കടക്കാൻ അനുവാദമില്ല. ഏതെങ്കിലും കോഴി തനിച്ച് റോഡു മുറിച്ചു കടന്നാൽ ഉടമ കനത്ത പിഴ ശിക്ഷയായി നൽകേണ്ടിവരും. കോഴികൾക്ക് റോഡ് മുറിച്ചുകടക്കണമെങ്കിൽ ഉടമയും കൂടെയുണ്ടായിരിക്കണം. റോഡു മുറിച്ചു കടക്കുമ്പോഴുണ്ടാകുന്ന അപകടങ്ങളിൽ നിന്ന് കോഴികളെ രക്ഷിക്കാനാണ് ഈ വിചിത്ര നിയമമെന്ന് ഇവിടത്തെ പ്രാദേശിക ഭരണകൂടം പറയുന്നു. എന്നാൽ കോഴിക്ക് മാത്രം ഇത്തരത്തിലൊരു നിയമം എന്തിനാണെന്ന് ചോദിച്ചാൽ അവർക്ക് ഉത്തരമില്ലതാനും.

## ഒട്ടകാശുപത്രി




ഒട്ടകങ്ങളുടെ ചികിത്സയ്ക്കായി ദുബായിൽ 70 കോടിയുടെ ആശുപത്രി ആരംഭിച്ചു. അത്യാധുനിക രീതിയിലുള്ള ഓപ്പറേഷൻ തിയറ്ററുകളും ഒട്ടകങ്ങൾക്കായി പ്രത്യേകം നിർമിച്ച വിശ്രമമുറികളും അടങ്ങുന്നതാണ് ആശുപത്രി.

അറേബ്യൻ സംസ്കാരത്തിൽ പ്രത്യേക പ്രാധാന്യമുള്ള മൃഗമാണ് ഒട്ടകം. ഒട്ടകങ്ങൾക്കായുള്ള ഓട്ടമത്സരവും സൗന്ദര്യമത്സരവുമെല്ലാം ദുബായിലെ പ്രധാന വിനോദങ്ങളാണ്. ഒട്ടക ലേലത്തിലൂടെ പ്രതിവർഷം കോടിക്കണക്കിന് രൂപയുടെ ബിസിനസാണ് ഇവിടെ നടക്കുന്നത്. അറബ് രാജ്യങ്ങളിൽ ഒട്ടകത്തിനുള്ള പ്രാധാന്യം മനസിലാക്കിക്കൊണ്ടാണ് ഇത്തരത്തിലൊരു ആശുപത്രി തുടങ്ങിയതെന്നാണ് അധികൃതർ പറയുന്നത്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള മൃഗഡോക്ടർമാരുടെ സേവനം ഇവിടെ ലഭ്യമാണ്. ഒരുസമയം 20 ഒട്ടകങ്ങളെവരെ ചികിത്സിക്കാനുള്ള സൗകര്യം ഇവിടെയുണ്ടാകും. ഒട്ടകങ്ങൾക്കുവേണ്ടി മാത്രമുള്ള ലോകത്തിലെ ആദ്യത്തെ ആശുപത്രിയാണിത്.

## ചിക്കൻ ബിരിയാണി



പൊതുവെ ഭക്ഷണപ്രിയരായ ഇന്ത്യക്കാരുടെ ഭക്ഷണത്തിന്റെ കാര്യത്തിലും ഇപ്പോൾ സർവേ നടത്തിയിരിക്കുന്നു. 2017ൽ ഏറ്റവുമധികം ഓർഡർ ചെയ്ത ഭക്ഷണം എന്ന ബഹുമതി ചിക്കൻ ബിരിയാണിക്കു സ്വന്തം. ഇന്ത്യയിലെ പ്രധാന ഏഴു നഗരങ്ങളിൽ (മുംബൈ, ഡൽഹി, ഹൈദരാബാദ്, ബംഗളൂരു, പൂന, ചെന്നൈ, കൊൽക്കത്ത) നടത്തിയ പഠനത്തിൽ നിന്നാണ് 2017ൽ ഏറ്റവുമധികം ഓർഡർ ചെയ്ത ഭക്ഷണം എന്ന പദവിയ്ക്ക് ചിക്കൻ ബിരിയാണി അർഹമായത്.

## ഡ്രാഗൺ ഫ്ളൈ ഐയുമായി ചൈന

ചൈനയിലെ കള്ളന്മാർ ഇനി കൂടുതൽ സൂക്ഷിക്കണം! പൊതുനിരത്തിലിറങ്ങിയാൽ ഏതു നിമിഷവും പിടിവീഴാം.

സി.സി. ടി.വി. ക്യാമറകളും സൂപ്പർ കമ്പ്യൂട്ടറും ആർജിത ബുദ്ധി (എഐ)യും ഉൾക്കൊള്ളുന്ന "ഡ്രാഗൺഫ്ളൈ ഐ" ആണു ക്രിമിനലുകൾക്കു കുരുക്കാകുക. പരീക്ഷണാടിസ്ഥാനത്തിൽ ഈ സംവിധാനം ഷാങ്ഹായിയിൽ പ്രവർത്തനം തുടങ്ങി.

പോലീസിന്റെ പക്കലുള്ള ഫോട്ടോകളെ സി.സി.ടി.വി. ദൃശ്യങ്ങളുമായി താരതമ്യം ചെയ്താണു പ്രതികളെ പിടിക്കുക. ഒരു സെക്കൻഡിൽ 200 കോടി ചിത്രങ്ങൾ താരതമ്യം ചെയ്യാൻ ഡ്രാഗൺഫ്ളൈ ഐയിൽ സൗകര്യമുണ്ട്. സി.സി. ടി.വി വഴി ലഭിക്കുന്ന വീഡിയോ ഷാങ്ഹായിയിലെ സേർവറുമായി ബന്ധിച്ചാണു താരതമ്യം നടത്തുന്നത്.





## അറിയാനും പറയാനും

ദൈവം സത്യമോ, മിഥ്യയോ? പ്രപഞ്ചം ദൈവം സൃഷ്ടിച്ചു എന്നതിന് എന്താണ് തെളിവ്? ഏകനായ ദൈവം എങ്ങനെയാണ് മൂന്നു ദൈവമാകുന്നത്? ആദാമിന്റെ പാപം മനുഷ്യവർഗ്ഗത്തെ ബാധിക്കുന്നതെങ്ങനെ? മരണാനന്തര ജീവിതത്തിന് എന്ത് സാധ്യത? എന്തു യുക്തി? ആധുനീക യുഗത്തിൽ ബൈബിളിന് എന്ത് ആധികാരികതയും പ്രസക്തിയുമാണുള്ളത്? യേശു ദൈവമാകുന്നതെങ്ങനെ? ഇങ്ങനെയുള്ള ബൈബിൾ വിമർശകരുടെ ചോദ്യങ്ങൾക്കുള്ള മറുപടി എന്തെന്ന് അറിയാനും പറയാനും ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക.

**ടൈറ്റസ് കാർത്തികപ്പള്ളി**
കേരള - 690516

✆ 9847232598
vedabhimani@gmail.com



| ചെയർമാൻ | ഡിറക്ടർ | വേദാഭിമാനി | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ - Rs.150 മറ്റ് രാജ്യങ്ങൾ - Rs.2000 | വേദാഭിമാനി, കേരള 690516 |



# ആത്മാവിൽ ഒന്നായി

കൂടുമ്പോൾ ഇമ്പമേറുന്നത് കുടുംബം എന്ന് കുടുംബത്തെ നിർവചിച്ചു കാണാറുണ്ട്. നിർവചനം അല്പം കാല്പനികമാണെന്നിരിക്കലും സമൂഹത്തിലെ ഏറ്റവും ചെറിയ ഘടകം എന്ന നിലയ്ക്കു വലിയ പ്രാധാന്യമർഹിക്കുന്നതാണ് കുടുംബം. സ്ത്രീകൾക്കും കുട്ടുകൾക്കും സുരക്ഷിതമായ ഇടമാണ് -ഇടമാകണം കുടുംബം. അതുകൊണ്ടാണല്ലോ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ കുടുംബത്തിൽനിന്നു തന്നെയുണ്ടാകുമ്പോൾ നമ്മൾ സ്തബ്ധരാകുന്നത്.

ലാറ്റിൻ ഭാഷയിലെ famulus എന്ന വാക്കിൽ നിന്നാണ് ഇംഗ്ലീഷിൽ ഫാമിലി എന്ന വാക്കുണ്ടാകുന്നത്. ഫാമുലസ് എന്ന വാക്കിനർത്ഥം വീട്ടുജോലിക്കായുള്ള അടിമ (domestic slave) എന്നാണ്. പിന്നീട് അത് ഒരു പുരുഷനെ ചുറ്റിപ്പറ്റിയുള്ള കുറെ അംഗങ്ങളുള്ള സംഘം എന്ന അർഥത്തിൽ നിലകൊണ്ടു. കുടുംബത്തിനു പഴക്കമേറെയുണ്ട്. മതങ്ങളും മറ്റു സാമൂഹ്യ സ്ഥാപനങ്ങളും കുടുംബത്തിനു പവിത്രത നൽകുന്നുമുണ്ട്. അങ്ങനെ കുടുംബം മനുഷ്യന്റെ സംസ്കാരത്തിന്റെയും അഭിമാനത്തിന്റെയും അടയാളമായി. കുടുംബത്തിൽ പിറക്കാത്തത് വലിയ പോരായ്മയായി. കുലീനത, ആഭിജാത്യം തുടങ്ങിയ സങ്കല്പങ്ങൾ പലനിറങ്ങളോടെ സമൂഹത്തിൽ നിറസാന്നിധ്യമായി. കുടുംബം തകർക്കൽ രാജ്യദ്രോഹം പോലെ വലിയകുറ്റമാണ്. കുടുംബത്തിനു പുറത്തുള്ളതെല്ലാം അശ്ലീലമായി. കുടുംബമഹിമ എന്നത് എല്ലാറ്റിനും നിയാമകമായി.

ഇങ്ങനെയെല്ലാം മഹത്വവത്കരിക്കുമ്പോഴും കുടുംബങ്ങളുടെ ഇന്നത്തെ അവസ്ഥ പരിശോധിക്കേണ്ടതുണ്ട്. പരിപാവനമെന്ന് വിശേഷിപ്പിക്കപ്പെടുന്ന കുടുംബം വിവാഹമെന്ന സ്ഥാപനത്തിലൂടെയാണല്ലോ രൂപപ്പെടുന്നത്. വിവാഹങ്ങളുടെ കെട്ടുറപ്പ് വളരെയേറെ ചോദ്യം ചെയ്യപ്പെടുന്ന കാലത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ലോകരാജ്യങ്ങളിൽ ഏറ്റവും കുറവ് വിവാഹമോചനം നടക്കുന്ന രാജ്യമാണ് ഇന്ത്യ. തിരുവനന്തപുരം, കേരളത്തിന്റെ തലസ്ഥാനം. ഇവിടം ഇന്ന് ഇന്ത്യയുടെ വിവാഹമോചന തലസ്ഥാനമാണ്. രാജ്യത്ത് ഏറ്റവുമധികം വിവാഹമോചനം നടക്കുന്ന നഗരം. കഴിഞ്ഞ ഒരു ദശകത്തിനിടയ്ക്ക് 350 ശതമാനം വർധനയാണ് വിവാഹമോചനത്തിലുണ്ടായത്.

വിവാഹമോചനത്തിൽ തിരുവനന്തപുരത്തിനും കൊല്ലത്തിനും പുറകിലായി തൃശൂരുമുണ്ട്. കാരണങ്ങളുടെ മുൻഗണനാക്രമം മാറിമറിഞ്ഞുകൊണ്ട് മലപ്പുറം, കോഴിക്കോട്, പത്തനംതിട്ട എല്ലാമുണ്ട്. കാരണങ്ങളെക്കുറിച്ച് പറയുമ്പോൾ സ്ത്രീകൾ സ്വന്തം കാലിൽ നിൽക്കാൻ ആവശ്യമായ സാമ്പത്തിക സ്വാതന്ത്ര്യം നേടിയതും വിദ്യാഭ്യാസം നേടിയതുമെല്ലാം പറയുന്നുണ്ട്. അതുപോലെ വിവരസാങ്കേതികവിദ്യയുടെ വളർച്ചയും അതുണ്ടാക്കിയ നേട്ടങ്ങളും കാരണമായി പറയുന്നുണ്ട്. ബംഗളുരു പോലുള്ള നഗരങ്ങളിൽ നടക്കുന്ന വിവാഹമോചനങ്ങളിൽ 30 ശതമാനവും വിവരസാങ്കേതിക വിദ്യാരംഗത്തുള്ളവരുടെതാണത്രേ. എതിർകക്ഷികൾക്കെതിരെ എളുപ്പത്തിൽ തെളിവു കണ്ടുപിടിക്കാൻ കഴിയുന്ന തുതൊട്ട് തൊഴിലിനു നൽകുന്ന അമിതപ്രാധാന്യവും വലിയ സാമ്പത്തികവുമെല്ലാം കാരണമായി പറയുന്നുണ്ട്.

വിവാഹമോചിതരാവുന്നതിൽ എല്ലാ മതക്കാരുമുണ്ട്. ഇത്തരം കാര്യങ്ങളിൽ മതത്തിന്റെ പിടി അയഞ്ഞുപോകുന്നതായാണ് കാണുന്നത്. മതനേതാക്കളും മനഃശാസ്ത്ര വിദഗ്ധരും അവരുടേതായ കാരണങ്ങൾ കണ്ടെത്തുന്നുണ്ട്. കാരണങ്ങൾ ചില രീതിയിൽ ശരിയുമായിരിക്കാം. എങ്കിലും യാഥാർഥ്യബോധത്തോടെ ഇത്തരം പ്രശ്നങ്ങളെ സമീപിക്കേണ്ടതുണ്ട്. സ്ത്രീകളുടെ സാമ്പത്തിക സ്വയംപര്യാപ്തതയും സ്വാതന്ത്ര്യവും വികസനത്തിന്റെ പ്രത്യക്ഷസാക്ഷ്യമായി പറയുമ്പോൾതന്നെ അത് വിവാഹമോചനത്തിന്റെ കാരണമായും ഭവിക്കുന്നു. അത് ചൂണ്ടിക്കാണിക്കുന്നത് വിവാഹജീവിത വിജയത്തിന് സ്ത്രീകൾ സ്വയംപര്യാപ്തരാകരുത് എന്നല്ല, മറിച്ച് മാറിയ രാഷ്ട്രീയ-സാമൂഹ്യ സാഹചര്യങ്ങളിലെ സ്ത്രീകളുടെ വളർച്ച കൂടി ഉൾക്കൊണ്ടുള്ള വൈവാഹിക സാഹചര്യങ്ങളും കുടുംബ ബന്ധങ്ങളും ഉണ്ടാകുകയാണ് വേണ്ടത്. ഇത് പടിഞ്ഞാട്ട് നോക്കലല്ല. നമ്മുടെ വളർച്ചയുടെ ഒരു ഘട്ടമാണ്.

എവിടെയായാലും സ്ത്രീ പുരുഷ പങ്കാളിത്വത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും അടിസ്ഥാനത്തിൽ വേണം കുടുംബ ബന്ധങ്ങൾ രൂപപ്പെടേണ്ടത്. ഇപ്പോൾ നടക്കുന്ന വിവാഹങ്ങൾ വ്യക്തികളുടെ താല്പര്യങ്ങൾക്കപ്പുറം ബാഹ്യമായ ചില ഘടകങ്ങളിലാണ് ഊന്നുന്നത്. അതുപോലെ വിവാഹിതരാകുന്നവർ പരസ്പരം അറിയുന്നതിനുള്ള അവസരങ്ങളുണ്ടാകുന്നില്ല.

പുറമെ ഭാര്യ, ഭർത്താവ് എന്നിങ്ങനെയുള്ള സാമൂഹ്യ നിർമിതിയിൽ കുരുങ്ങി കൂടെയുള്ള ആളെ വ്യക്തിയായി കാണാൻ കഴിയാതെയാകുന്നു. വിവാഹത്തിന്റെ കെട്ടുപാടുകളെ അകറ്റി ഒരുമിച്ചു ജീവിക്കലും (living together) അത്ര കുറവല്ല. എന്നാൽ ഇത്തരത്തിലുള്ള ബന്ധങ്ങളിലും വ്യക്തികളുടെ സ്വതന്ത്രമായ പ്രവർത്തന വളർച്ചകൾ സ്വാഭാവികമല്ലെന്നുതന്നെ പലരും പറയുന്നു. വിവാഹമോചനത്തിന്റെ വർധനയിൽ ആധിപൂണ്ടിട്ടു കാര്യമില്ല. അതിനേക്കാൾ ദുരിതപൂർണമാണ് മോചിതരാവാതെ ഹിംസാത്മകമായി ജീവിക്കുന്ന കുടുംബങ്ങൾ. ഇതിനകത്തുള്ള കുഞ്ഞുങ്ങളും സ്ത്രീകളും ഒരുപാട് വിഷമങ്ങൾ സഹിക്കുന്നു. ഇത്തരം ബന്ധങ്ങളിൽ ദൈവികമായ-ആത്മീയമായ ഒരു പരിഹാരമല്ലാതെ മറ്റൊന്നും കാണുന്നില്ല. ഇപ്രകാരം തകർക്കപ്പെട്ട പല കുടുംബങ്ങളെയും യേശുവിലൂടെ പരസ്പരം സ്നേഹത്തിലും ഐക്യത്തിലും ഒന്നാക്കാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്.

സ്ത്രീ നേടിയ സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെയോ ഗാർഹീകാതിക്രമ നിരോധന നിയമത്തിന്റെയോ പേരിൽ സ്ത്രീകൾക്ക് ഒരിക്കലും ഊറ്റം കൊള്ളാൻ കഴിയില്ല. ആരോഗ്യകരമായ ഒരു കുടുംബത്തിന് ഇതൊന്നും ഉപകരിക്കയുമില്ല. മേധാവിത്വ-സമത്വ ചിന്തകൾ വെടിഞ്ഞ് പുരുഷൻ പുരുഷനായും സ്ത്രീ, സ്ത്രീയായും, പുരുഷനു തക്ക തുണയായും അന്യോന്യം സ്നേഹിച്ചും സംരക്ഷിച്ചും കരുതലോടെ ആത്മീയതയിൽ ആത്മാവിൽ ഒന്നാകാനുള്ള ശ്രമം ഉണ്ടാകുന്നെങ്കിൽ കുടുംബം സമൂഹത്തിൽ നിറസാന്നിധ്യമായി മാറും.

# മുന്തിരിവള്ളികൾ തളിർക്കട്ടെ


ഒരാൾ സ്വകുടുംബത്തിൽ നിന്നും സ്വപ്രയത്നത്തിൽ നിന്നും നേടിയെടുക്കുന്ന സ്വഭാവ ശ്രേഷ്ഠത (Character Strength) വിവാഹജീവിതത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്നു. ലക്ഷക്കണക്കിനു മൈലുകൾ താണ്ടുന്ന റോക്കറ്റ് വിക്ഷേപിക്കുന്ന വിക്ഷേപണത്തറകൾ വളരെ ദൃഢമാണ്. ഇതുപോലെ വിവാഹജീവിതം സന്തോഷത്തിൽ കുതിച്ചുയരാൻ സ്വഭാവരൂപവൽക്കരണം വളരെ പ്രധാനമാണ്. സ്വഭാവശ്രേഷ്ഠത ഉണ്ടാകാൻ വേണ്ടി ഓരോ വ്യക്തിയും ഗൃഹപാഠം ചെയ്ത് തന്നിലുള്ള ഗുണവശങ്ങളെ വർധിപ്പിക്കുകയും ദോഷവശങ്ങളെ കുറയ്ക്കുകയും വേണം. നന്നായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ അത് ജീവിതപങ്കാളിയിൽ ഉണർവ്വും ഭാവാത്മക ഊർജവും (positive energy) പകരും. തനിക്ക് സ്വഭാവശ്രേഷ്ഠത ഉണ്ടെന്ന് ഓരോ വ്യക്തിയും ഉറപ്പാക്കണം.

### പ്രായോഗിക നിർദേശങ്ങൾ

വിവാഹത്തിനു മുമ്പ് തന്റെ ജീവിതശൈലികളെക്കുറിച്ച് ആഴത്തിലുള്ള വിലയിരുത്തലുകൾ നടത്തുക. ജീവിതപങ്കാളിയോട് തന്നിൽ തിരുത്തേണ്ട കാര്യങ്ങളെക്കുറിച്ച് ചോദിക്കുകയും ജീവിതത്തെ വിലയിരുത്താൻ സഹായം തേടുകയും ചെയ്യുക.

### I.Q വിനേക്കാൾ E.Q

വിവാഹജീവിതത്തിൽ ബൗദ്ധിക വളർച്ചയ്ക്കൊപ്പം വൈകാരിക വളർച്ചയ്ക്കും പ്രാധാന്യമുണ്ട്. പല പ്രഫഷണലുകൾക്കും വിവാഹജീവിതത്തിൽ സന്തോഷം അനുഭവിക്കാൻ സാധിക്കാത്തത് ഈ വൈകാരിക വളർച്ചയുടെ അഭാവം മൂലമാണ്. എന്റെ വാക്കുകളും പ്രവൃത്തികളും ജീവിതപങ്കാളിയിൽ എന്ത് പ്രതികരണമുണ്ടാക്കും എന്ന് ചിന്തിക്കാനും അതിനനുസരിച്ച് അവയെ നിയന്ത്രിക്കാനുമുള്ള കഴിവാണ് വിവാഹജീവിതത്തിലെ E.Q. (Emotional Quotient). ദമ്പതികളുടെ കൗൺസിലിങ്ങിനിരിക്കുമ്പോൾ കാണുന്ന പ്രധാന കാര്യം ഓരോരുത്തരും അവരവരുടെ ഭാഗം ന്യായീകരിക്കാൻ കാര്യകാരണങ്ങൾ നിരത്താൻ വ്യഗ്രതപ്പെടുന്നതാണ്. എന്നാൽ, എന്റെ പ്രവൃത്തി പങ്കാളിയിൽ എന്ത് പ്രതികരണമുണ്ടാക്കി/ഉണ്ടാക്കും എന്ന് ചിന്തിക്കാൻ അധികമാരും മെനക്കെടാറില്ല. ദാമ്പത്യജീവിതത്തിൽ വൈകാരികത ഏറെ പ്രാധാന്യമർഹിക്കുന്നു. ന്യായാന്യായങ്ങളെക്കാൾ എന്ത്/എന്തുകൊണ്ടാണ് പങ്കാളി ഇങ്ങനെ പറഞ്ഞത്/ചെയ്തത് എന്ന് ചിന്തിക്കുമ്പോൾ, ഈ വൈകാരികവശം നാം പ്രയോജനപ്പെടുത്തുന്നു.



ഞാൻ കണ്ടിട്ടുള്ള വലിയൊരു വിഭാഗം ദമ്പതിമാർ പരസ്പര സംഭാഷണം നടത്താത്തവരായിരുന്നു. ഒരാളെ ആഴത്തിൽ മനസിലാക്കാനുള്ള പ്രധാന ഉപാധിയാണ് സംഭാഷണം. താൻ ആയിരിക്കുന്ന വിധത്തിൽ മറ്റൊരാൾ മനസിലാക്കണമെന്ന മനുഷ്യമനസിന്റെ ആവശ്യം പൂർത്തീകരിക്കപ്പെടുന്നത് ഈ സംഭാഷണത്തിൽ കൂടിയാണ്. മനസ്സു തുറന്നുള്ള സംഭാഷണമില്ലാത്ത ദാമ്പത്യജീവിതം ജീവനില്ലാത്ത ദാമ്പത്യത്തിന് തുല്യമാണ്. ഭാര്യ പറയുന്നതെല്ലാം ചെയ്യേണ്ടിവരുമോ എന്ന ഭയത്താൽ സംഭാഷണം നടത്താതിരിക്കുന്ന ഭർത്താക്കന്മാരുണ്ട്. പറയുന്ന കാര്യങ്ങൾ അതേപടി ചെയ്യണമെന്ന് ആരും ആഗ്രഹിക്കുന്നില്ല. പക്ഷേ പറയുന്നതു മുഴുവൻ കേൾക്കണമെന്ന് എല്ലാവരും ആഗ്രഹിക്കുന്നുണ്ട്.

### പ്രായോഗിക നിർദേശങ്ങൾ

ദിവസത്തിൽ അരമണിക്കൂറെങ്കിലും ദമ്പതികൾ തനിച്ചിരുന്ന് സംസാരിക്കുക. മനസിലുണ്ടായ അനുകൂലവും പ്രതികൂലവുമായ വികാരങ്ങൾ പങ്കുവയ്ക്കണം. പഴയ കാര്യങ്ങൾ പറയണ്ട.

തമ്മിലുള്ള ഈ സംഭാഷണ സമയത്ത് വരുന്ന ഫോൺ വിളികൾ ഒഴിവാക്കണം.

തന്റെ അടുത്ത് എന്തും പറയാനുള്ള സ്വാതന്ത്ര്യം ജീവിതപങ്കാളിക്ക് നല്കണം.

തന്റെ പൂന്തോട്ടത്തിലെ ചെടികൾക്ക് വെള്ളമൊഴിക്കാതെയും പരിപാലിക്കാതെയുമിരുന്നിട്ട് അയൽപക്കത്തെ പച്ചപ്പായ വർണ്ണങ്ങൾ നിറഞ്ഞ പൂന്തോട്ടത്തെ നോക്കി അസൂയപ്പെടുന്നതിൽ കഴമ്പില്ല എന്ന് മിഷേൽ ഒബാമ ഒരു സന്ദേശത്തിൽ പറയുകയുണ്ടായി. അതായത് സ്വന്തം വീട്ടിലെ വർണ്ണങ്ങൾ തിരിച്ചറിയുകയും, പരിപോഷിപ്പിക്കുകയും ചെയ്യുക. തന്റെ ജീവിതപങ്കാളിയുടെ പ്രത്യേകതകൾ ആഴത്തിൽ മനസിലാക്കുകയും ആസ്വദിക്കുകയും ചെയ്യുന്നതിലാണ് സന്തോഷദാമ്പത്യത്തിലെ രഹസ്യം അടങ്ങിയിരിക്കുന്നത്. അരോചകവും മടുപ്പുനിറഞ്ഞതുമായ കുടുംബാന്തരീക്ഷം സന്തോഷദായകവും ജീവനുള്ളതുമായി മാറുന്നത് ജീവിതപങ്കാളിയെ സ്നേഹിക്കാൻ തുടങ്ങുമ്പോഴാണ്. നിങ്ങളുടെ ജീവിതപങ്കാളിയെക്കാൾ തന്റേടവും കഴിവും സൗന്ദര്യവും കാര്യപ്രാപ്തിയുമുള്ള നിരവധി ആൾക്കാരെ കണ്ടുമുട്ടും. അവരുമായി താരതമ്യപ്പെടുത്തിയിരുന്നാൽ സന്തോഷം പടിയിറങ്ങി പോകും. അതിനാൽ ജീവിതപങ്കാളിയുടെ പ്രത്യേകതകൾ മനസിലാക്കി ആഴത്തിൽ സ്നേഹിക്കുകയാണ് പ്രധാനം.





## ഇഷ്ടമുള്ളത് ഇഷ്ടമുള്ളതുപോലെ പഠിക്കാൻ കഴിയുന്ന സ്കൂൾ



കുട്ടികളോട് സ്വപ്നങ്ങൾ കാണാൻ പറഞ്ഞ എ.പി.ജെ. അബ്ദുൾകലാമിന്റെ നാടാണ് ഇന്ത്യ. എന്നാൽ നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസ സമ്പ്രദായം കുഞ്ഞുങ്ങളുടെ സ്വപ്നങ്ങളെ പലപ്പോഴും തല്ലിക്കെടുത്തുന്നു എന്ന പരാതി പല കോണുകളിൽ നിന്നും ഉയരാറുണ്ട്. നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസ രീതിയിൽ സമഗ്രമായ മാറ്റം അനിവാര്യമാണെന്ന് മൈക്രോസോഫ്റ്റ് സ്ഥാപകൻ ബിൽഗേറ്റ്സ് ഈയിടെ പറഞ്ഞിരുന്നു.

ഈ സാഹചര്യത്തിൽ ഇന്ത്യൻ വിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിവയ്ക്കാവുന്ന ഒരു ആശയവുമായി രംഗത്തെത്തിയിരിക്കുകയാണ് ഗുജറാത്തിലെ ആനന്ദ് സ്വദേശികളായ മുക്തി പട്ടേലും, പ്രഹാർഷ് പട്ടേലും. ഡെമോക്രാറ്റിക് സ്കൂളിംഗ് എന്നാണ് ഇവർ വിഭാവനം ചെയ്യുന്ന വിദ്യാഭ്യാസ രീതിയുടെ പേര്. ഡെമോക്രാറ്റിക് സ്കൂളിംഗ് സിസ്റ്റത്തിൽ നാലാം വയസിലാണ് കുട്ടികളെ സ്കൂളിൽ ചേർക്കേണ്ടത്. ഈ സമയം മുതൽ തങ്ങൾ ഏതൊക്കെ വിഷയങ്ങൾ എങ്ങനെ പഠിക്കണമെന്ന് തീരുമാനിക്കാനുള്ള പൂർണ സ്വാതന്ത്ര്യം കുഞ്ഞുങ്ങൾക്കുണ്ട്. ഇവിടെ പ്രായമനുസരിച്ച് വിദ്യാർത്ഥികളെ പല ക്ലാസുകളിലായി തിരിക്കില്ല. പല പ്രായത്തിലുള്ളവർക്ക് ഇവിടെ ഒരുമിച്ചിരുന്ന് പഠിക്കാം.

## പ്രതികരണവും ഉപദേശവും



ഒരുദിവസം ശ്രീരാമകൃഷ്ണപരമഹംസരുടെ ശിഷ്യനായ ബ്രഹ്മാനന്ദൻ കൊൽക്കത്തയിലേക്ക് ഒരു വഞ്ചിയിൽ സഞ്ചരിക്കുകയായിരുന്നു. ഈ സമയം വഞ്ചിക്കാരൻ ബ്രഹ്മാനന്ദനെയും ഗുരുവായ പരമഹംസരെയും അധിക്ഷേപിച്ച് സംസാരിച്ചു. ഇതുകേട്ട ബ്രഹ്മാനന്ദന് വല്ലാതെ ദുഃഖം തോന്നി.

ആശ്രമത്തിൽ തിരിച്ചെത്തിയ ബ്രഹ്മാനന്ദ, ഗുരുവിനോട് കാര്യം പറഞ്ഞു. ഇതു കേട്ടപ്പോൾ കോപത്തോടെ പരമഹംസർ ചോദിച്ചു: “സ്വന്തം ഗുരുവിനെ അനാവശ്യമായി അധിക്ഷേപിക്കുന്നതുകേട്ട്, പ്രതികരിക്കാതെവന്ന നീ ഒരു ഭീരുതന്നെ. നിനക്കു പറ്റിയസ്ഥലം ആശ്രമമല്ല.” അടുത്തിരുന്ന നരേന്ദ്രനും ഇതുകേട്ടു.

തൊട്ടടുത്തദിവസം വഞ്ചിയിൽ യാത്രനടത്തിയ നരേന്ദ്രനും ഇതേ അനുഭവമുണ്ടായി. തന്നെയും ഗുരുവിനെയും അപമാനിച്ച വഞ്ചിക്കാരനെ നരേന്ദ്രൻ കണക്കറ്റ് ശകാരിച്ചു. പേടിച്ചുപോയ വഞ്ചിക്കാരൻ വായടച്ചു.

ആശ്രമത്തിലെത്തിയ നരേന്ദ്രൻ ഗുരുവിനോട് സംഭവം വിവരിച്ചു. അദ്ദേഹം ദേഷ്യത്തോടെ നരേന്ദ്രനോടു പറഞ്ഞു: “സ്വന്തം വികാരങ്ങൾ അടക്കാൻ കഴിയാത്ത നീ ഒരു വിഡ്ഢിതന്നെ. ഇത്ര നിസ്സാരകാര്യങ്ങൾക്കാണോ ഇത്തരത്തിൽ പ്രതികരിക്കുക?”

ഗുരുവിന്റെ വാക്കുകൾ കേട്ട നരേന്ദ്രൻ ഞെട്ടിപ്പോയി. നരേന്ദ്രന്റെ മനസ്സറിഞ്ഞ ഗുരു ശാന്തനായി പറഞ്ഞു: “ശിഷ്യാ, ബ്രഹ്മാനന്ദനുള്ള ഉപദേശം അവനു മാത്രമായുള്ളതാണ്. ഭീരുത്വം നന്നല്ല. അതവന്റെ കാര്യം. പക്ഷേ, നിനക്ക് പ്രതികരണശേഷി കൂടുതലാണ്. നീ അതിനെ അടക്കണം. ഓരോരുത്തരും വ്യത്യസ്തരാണ്. അതുകൊണ്ടുതന്നെ ഓരോരുത്തർക്കുമുള്ള ഉപദേശവും വ്യത്യസ്തമായിരിക്കും.”

ഗുരുവിന്റെ വാക്കുകൾകേട്ട നരേന്ദ്രന് കാര്യം ബോധ്യമായി. പ്രഗത്ഭനായ ജ്ഞാനി ‘വിവേകാനന്ദനാ’യിരുന്നു നരേന്ദ്രനെന്ന ആ ശിഷ്യൻ.

## അനർഗള സുന്ദര പ്രഭാഷണവും ലോകോത്തര കൃതികളും

ശശി തരൂർ എം.പി.യുടെ ഇംഗ്ലീഷ് ഭാഷാപ്രയോഗം പലപ്പോഴും വാർത്തയിൽ ഇടംപിടിക്കാറുണ്ട്. അദ്ദേഹം ഓക്സ്ഫെഡിൽ നടത്തിയ പ്രസംഗം യൂട്യൂബിൽ വൈറലാകുകയും പ്രധാനമന്ത്രി പ്രശംസിക്കുകയും ചെയ്തിരുന്നു. എന്താണ് തരൂരിന്റെ ഇംഗ്ലീഷ് ഭാഷയുടെ പ്രത്യേകത എന്നു പരിശോധിച്ചാൽ ഒന്നു വ്യക്തമാകും. അദ്ദേഹം ഓക്സ്ഫെഡ് ആക്സന്റിലാണു പറയുന്നത്. അതായത് ഇംഗ്ലീഷുകാർക്കു മനസിലാകുന്ന തരത്തിൽ.



നമ്മൾ ബ്രിട്ടീഷ് പാറ്റേണാണു പിന്തുടരുന്നത്. എന്നാൽ, പല വാക്കുകളും ഇംഗ്ലീഷുകാരുടെ ഉച്ചാരണത്തിൽനിന്നു വ്യത്യസ്തമാണ്. ഇവിടെ നന്നായി ഇംഗ്ലീഷ് ഉപയോഗിക്കുന്നവരും ഇംഗ്ലീഷുകാരുമായി സംവദിക്കുമ്പോൾ പല വാക്കുകളും അവർക്ക് മനസിലാകാതെ വരുന്നു.

തമിഴ്നാട്ടിൽനിന്നുള്ളവർ കുറേക്കാലം കേരളത്തിൽ താമസിച്ചശേഷം അവർ പറയുന്ന മലയാളം പോലെയിരിക്കും നമ്മുടെ ഇംഗ്ലീഷ് വിദേശികൾക്ക്.

ചില ഉദാഹരണങ്ങൾ നോക്കുക!

കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് സർവസാധാരണമായി നാം ഉച്ചരിക്കുന്ന അപ്പീൽ എന്ന വാക്കിന്റെ ശരിയായ ഇംഗ്ലീഷ് ഉച്ചാരണം എപ്പീൽ എന്നാണ്. അതുപോലെ സൂപെഹൈവേ എന്ന വാക്ക് നമ്മൾ സൂപ്പർ ഹൈവേ എന്നുച്ചരിക്കും.

Surprise വാക്ക് സെപ്രൈസാണ്, സർപ്രൈസ് എന്ന് r ചേർത്താണ് നാം സാധാരണ ഉപയോഗിക്കാറ്. എന്നാൽ r എന്ന അക്ഷരത്തിനുശേഷം സ്വരശബ്ദം വന്നാൽ മാത്രമേ r ഉച്ചരിക്കപ്പെടുകയുള്ളൂവെന്നാണ് ഓക്സ്ഫോർഡ് നിയമം.

ഒരു ഇംഗ്ലീഷ് പദത്തിലുള്ള സ്വരശബ്ദങ്ങളാണ് സിലബിളുകൾ (Syllable) boo എന്ന വാക്കിൽ ഒരു സിലബിളും reading എന്ന വാക്കിൽ രണ്ടു സിലബിളുകളും ഉണ്ട്. ഇങ്ങനെ വാക്കുകളിലെ സിലബിളുകളുടെ കൃത്യമായ ഉച്ചാരണം, വ്യഞ്ജനാക്ഷരങ്ങളുടെ ശ്വാസനിയന്ത്രണം, ഗ്രാമർ ഭാഗങ്ങളെക്കുറിച്ചുള്ള പരിജ്ഞാനം, സമൃദ്ധമായ പദസമ്പത്ത്, ഫൊണറ്റിക് നിയമങ്ങൾ എന്നിവയൊക്കെ ക്രമപ്പെടുത്തി താഴ്ന്ന ക്ലാസുകൾ മുതൽ തുടങ്ങുന്ന സംശുദ്ധമായ ഒരു ഭാഷാ പഠനസമ്പ്രദായത്തിന്റെ അഭാവം മൂലമാണ് തരൂരിന്റേതുപോലുള്ള നിലവാരമുള്ള ഭാഷാപ്രയോഗത്തിനു മുമ്പിൽ നമുക്ക് പകച്ചുനിൽക്കേണ്ടിവരുന്നത്. പരീക്ഷയ്ക്കു വരുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ മനപാഠമാക്കിയെഴുതിയാൽ എ പ്ലസ് അല്ലെങ്കിൽ എ വൺ ലഭിക്കുമെന്നതുകൊണ്ടും പി.എസ്.സി. പരീക്ഷയ്ക്ക് വട്ടം കറുപ്പിച്ചാൽ ഉദ്യോഗം കിട്ടുമെന്നതുകൊണ്ടും നമ്മളിങ്ങനെതന്നെ മുന്നോട്ടുപോകും. അതിനാൽ ശശി തരൂരിന്റെ സിംഹാസനം ഇളക്കം തട്ടാതെ നിലനിൽക്കാനാണ് സാധ്യത.

ഇപ്പോഴത്തെ വിവാദത്തിനു കാരണമായി അദ്ദേഹം സോഷ്യൽ മീഡിയയിൽ കുറിച്ച rodomontade എന്ന വാക്ക് വമ്പുപറച്ചിൽ എന്ന അർത്ഥത്തിൽ അപൂർവമായി ഉപയോഗിക്കപ്പെടുന്ന ഒന്നാണ്.

അനർഗള സുന്ദരമായ പ്രഭാഷണം തരൂരിന്റെ ഏറ്റവും വലിയ കഴിവുകളിലൊന്നാണ്. അദ്ദേഹത്തിന്റെ ഇംഗ്ലീഷ് കൃതികളും ഉന്നതനിലവാരം പുലർത്തുന്നു. എന്നാൽ ഡോമിനിക് ലാപ്പിയറിന്റെ സിറ്റി ഓഫ് ജോയ് പോലെയോ? ഗബ്രിയേൽ ഗാർസിയോ മാർകഃസിന്റെ വൺ ഹണ്ട്റഡ് ഇയേഴ്സ് ഓഫ് സോളിറ്റ്യൂഡ് പോലെയോ? ഏരിയേൽ ഷാരോണിന്റെ പാപ്പിയോൺ പോലെയോ? തരൂർ കൃതികൾ ലോകോത്തരമല്ല.

## മിടുമിടുക്കി



ആൽബർട്ട് ഐൻസ്റ്റീൻ ആവിഷ്കരിച്ച അതിസങ്കീർണമായ ആപേക്ഷികതാ സിദ്ധാന്തം ഏറ്റവും ലളിതമായി അവതരിപ്പിച്ചതിന് പതിനെട്ടുകാരിക്ക് ലഭിച്ചത് 2,50,000 യു.എസ്. ഡോളർ.

ഫിലിപ്പീൻസ് സ്വദേശിയായ ഹിലരി ഡിയാനയാണ് അപേക്ഷികതാ സിദ്ധാന്തം സാധാരണക്കാർക്കുപോലും മനസിലാകാവുന്ന തരത്തിൽ അവതരിപ്പിച്ച് ലോകശ്രദ്ധ നേടിയത്. ലോകമെമ്പാടുമുള്ള വിദ്യാർത്ഥികൾക്കായി ഒരുക്കിയ ബ്രേക്ക് ത്രൂ ചലഞ്ചിലാണ് ഹിലരി ഡിയാനയുടെ നേട്ടം. യു ട്യൂബിൽ തന്റെ അവതരണം അപ്ലോഡ് ചെയ്തായിരുന്നു ഹിലരി മത്സരത്തിൽ പങ്കെടുത്തത്. ഈ വീഡിയോ ഇതിനോടകം തന്നെ വൈറലായിട്ടുണ്ട്. വിദ്യാർത്ഥികളിൽ ശാസ്ത്രാവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ ഗൂഗിൾ സഹസ്ഥാപകൻ സേർജി ബ്രിൻ, ഫേസ്ബുക്ക് സഹസ്ഥാപകൻ മാർക് സുക്കർബർഗ്, ആലിബാബ ഗ്രൂപ്പ് സ്ഥാപകൻ ജാക്മാ തുടങ്ങിയവരുടെ ആഭിമുഖ്യത്തിലാണ് ബ്രേക്ത്രൂ ചലഞ്ച് നടത്തുന്നത്.



# സൗമ്യത

(തുടർച്ച)

## ജീവസന്ദേശം



ടി.എം. വർഗ്ഗീസ് ഓതറ

**ജീ**വിതത്തിൽ സകല സൗഭാഗ്യങ്ങളും നഷ്ടപ്പെട്ട ഭക്തനായ ഇയ്യോബ്. ഉള്ളങ്കാൽ മുതൽ നെറുകവരെ വല്ലാത്ത പരുക്കളാൽ ബാധിക്കപ്പെട്ടവനായി, വ്യണങ്ങളിൽ പുഴുക്കൾ അരിച്ചിട്ട് ഉറങ്ങുവാൻപോലും കഴിയാതെ ദിനരാത്രങ്ങൾ തള്ളിനീക്കി അതിവേദനയിലായിരിക്കുന്ന ഇയ്യോബിനോട് അവന്റെ ഭാര്യ മുഖത്തു നോക്കി ചോദിക്കുന്നു "നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ചുപറഞ്ഞ് മരിച്ചുകളക." സൗമ്യനായ ഇയ്യോബ് അവളോട് ചോദിക്കുന്നു: "ഒരു പൊട്ടി സംസാരിക്കുന്നതുപോലെ നീ സംസാരിക്കുന്നു; നാം ദൈവത്തിന്റെ കയ്യിൽനിന്നു നന്മ കൈക്കൊള്ളുന്നു; തിന്മയും കൈക്കൊള്ളരുതോ." തന്റെ സൗമ്യതയും, ഭക്തിയും, ദൈവത്തിലുള്ള ആശ്രയവുമാണ് ഇയ്യോബിന് ആശ്വാസം നൽകിയത്. കുടുംബ ജീവിതത്തിൽ കഷ്ടങ്ങളും, നഷ്ടങ്ങളും രോഗവും ദുഃഖവും വന്നുഭവിക്കുമ്പോൾ ഭാര്യാഭർത്താക്കന്മാർ അന്യോന്യം എത്ര സൗമ്യതയും സ്നേഹവും സഹിഷ്ണതയും ഉള്ളവർ എന്ന് അപ്പോൾ അറിയാം.

പ്രിയ വായനക്കാരാ, സമ്പത്തും, പണവും അല്ല; കഷ്ടതയിലും പ്രയാസങ്ങളിലും ചേർന്നിരുന്നു പ്രാർത്ഥിക്കുകയും നല്ല ആലോചനകൾ പറഞ്ഞു നിന്നെ ബലപ്പെടുത്തുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന സ്ത്രീയാണ് നിന്റെ ഭാര്യ എങ്കിൽ നീ ഭാഗ്യവാൻ. നിനക്കു നന്മ വരും. നിന്റെ ഭാര്യ വീടിനകത്ത് ഫലപ്രദമായ മുന്തിരിവള്ളി പോലെ ഇരിക്കും. എന്നാൽ ഇന്ന് നമ്മുടെ അനേക ഭവനങ്ങളിലും ഭാര്യ ഒരു ചൊറിതനം പോലെയാണ്.

അതെ, വേദപുസ്തകം പറയുന്നു, ഭവനവും സമ്പത്തും പിതാക്കന്മാർ വച്ചേക്കുന്ന അവകാശം. ബുദ്ധിയുള്ള ഭാര്യയോ യഹോവയുടെ ദാനം (സദൃശ്യ. 19:14). സാധാരണക്കാരുടെ ഭവനങ്ങളിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുമ്പോഴാണല്ലോ കുടംബ കലഹം. നിങ്ങളുടെ ഭർത്താവ് ഏതെങ്കിലും കാരണത്താൽ നിരാശനായിരിക്കുമ്പോൾ ഏലിയാവിനെ തട്ടിയുണർത്തി കനലിന്മേൽ ചുട്ട അട കൊടുത്ത് ധൈര്യപ്പെടുത്തിയ ദൂതന്റെ ഇടപെടലിനെക്കാൾ ശക്തമായിരിക്കും നീ നിന്റെ ഭർത്താവിന്റെ തോളിൽ തട്ടി ആശ്വാസത്തിന്റെ വാക്കുകൾ പറയുന്നത്. അച്ചായാ സാരമില്ല, ദൈവം നമ്മുടെ സ്ഥിതി മാറ്റും, നമുക്കു പ്രാർത്ഥിക്കാം. യഹോവയാൽ കഴിയാത്ത വല്ല കാര്യവുമുണ്ടോ? ഇങ്ങനെ സ്നേഹത്തിന്റെ ദൈവാശ്രയത്തിന്റെ വാക്കുകൾ ഏതൊരു പുരുഷനും ഇഷ്ടപ്പെടും. അവൻ വലിയധീരനും ശക്തനും ആയിത്തീരും. നീയോ പ്രശംസിക്കപ്പെടും. വാസ്തവത്തിൽ നിങ്ങൾ ഒരു നല്ല മാതൃകയും ആയിത്തീരും, ചിന്തിക്കൂ. ഇപ്പോൾ നീ ഒരു മാതൃകയാണോ വായനക്കാരീ? അല്ലെങ്കിൽ ആയിത്തീരു.

ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നു: 'വിവേകമില്ലാത്ത ഒരു സുന്ദരി പന്നിയുടെ മൂക്കിൽ പൊൻ മൂക്കുത്തി പോലെ' (സദൃ. 11:22).

'സാമർത്ഥ്യമുള്ള സ്ത്രീ ഭർത്താവിനു ഒരു കിരീടം; നാണം കെട്ടവളോ അവന്റെ അസ്ഥികൾക്കു ദ്രവത്വം' (സദൃ. 12:4).

'ഭാര്യയെ കിട്ടുന്നവനു നന്മ കിട്ടുന്നു; യഹോവയോടു പ്രസാദം ലഭിച്ചുമിരിക്കുന്നു' (സദൃ. 18:22).

'സാമർത്ഥ്യമുള്ള ഭാര്യയെ ആർക്കു കിട്ടും? അവളുടെ വില മുത്തുകളിലും വിലയേറിയത്, ഭർത്താവിന്റെ ഹൃദയം അവളെ വിശ്വസിക്കുന്നു; അവന്റെ ലാഭത്തിനു ഒരു കുറവുമില്ല; അവൾ തന്റെ ആയുഷ്ക്കാലമൊക്കെയും അവന്നു തിന്മയല്ല നന്മതന്നേ ചെയ്യുന്നു' (സദൃ. 31:10-12).

'യഹോവ ഭക്തിയുള്ള സ്ത്രീകൾ തങ്ങളെ എങ്ങനെ അലങ്കരിക്കണമെന്ന് അപ്പോസ്തലനായ പത്രോസും, ജ്ഞാനിയായ ശലോമോനും പറഞ്ഞിരിക്കുന്നു. അങ്ങിനെയുള്ള സ്ത്രീകൾ പ്രശംസിക്കപ്പെടും, അവളുടെ ഭർത്താവും അവളെ പ്രശംസിക്കും' (സദൃ. 31:28-30). തുടരും

---




**എഫ്.** ബി. മേയർ എന്ന ദൈവദാസൻ പറയുന്നത്, സാത്താൻ എപ്പോഴെങ്കിലും സത്യം പറഞ്ഞാൽ നമ്മൾ വളരെ സൂക്ഷിക്കണം (We must be careful when satan tells the truth) എന്നാണ്. കാരണം സദാ കള്ളം പറയുന്നവൻ എപ്പോഴെങ്കിലും സത്യം പറഞ്ഞാൽ അതിന്റെ പിന്നിൽ അവന് വലിയ ലക്ഷ്യങ്ങൾ കാണും. അവൻ പറയുന്നതു സത്യമാണെങ്കിലും അതിനുള്ളിൽ അവൻ ഒരുക്കുന്ന കുരുക്കുകൾ ഒളിഞ്ഞിരിപ്പുണ്ടാകും. പിറകേ നടന്ന് 'നീ ദൈവത്തിന്റെ ദാസൻ' എന്നു പറയുമ്പോൾ അഭിനന്ദിക്കുകയല്ല അവന്റെ ഉദ്ദേശ്യം എന്ന് പൗലോസ് മനസ്സിലാക്കി.

ആ ബാല്യക്കാരത്തി പറയുന്നതിനോട് പൗലോസ് അനുകൂലിച്ചിരുന്നുവെങ്കിൽ, നോക്കിനില്ക്കുന്ന ജനം പറയും പൗലോസിനുള്ള ആത്മാവും ഈ വെളിച്ചപ്പാടത്തിയിലുള്ള ആത്മാവും ഒന്നാകുന്നു എന്ന്. പൗലോസ് അത് തിരിച്ചറിഞ്ഞു. വേഷം മാറി, ഭാഷമാറി പരിയസമ്പന്നനായ ഈ പിശാചു വരുമ്പോൾ നമ്മൾ ഉണർന്നിരിക്കേണ്ടത് അത്യാവശ്യമാകുന്നു.

മറ്റൊരു കാര്യം നാം ശ്രദ്ധിക്കേണ്ടത്, മനുഷ്യസ്വഭാവത്തിലെ സന്തുഷ്ടിയെന്ന അംശമാണ്. നമ്മുടെ പ്രവൃത്തികളെ മറ്റുള്ളവർ പ്രകീർത്തിക്കുന്നത്, നമ്മുടെ സ്ഥാനമാനങ്ങൾ, കുടുംബമഹിമ, സമ്പദ്സമൃദ്ധി, ആത്മീയപ്രവർത്തനങ്ങൾ, സുവിശേഷ പ്രവർത്തനങ്ങൾ എന്നിവ പത്തു പേരറിയുന്നത്, അതു പരസ്യപ്പെടുത്തുന്നത് സുഖമുള്ള ഒരേർപ്പാടാണ്. ഈ സന്തുഷ്ടി നമ്മെ ഉന്മത്തരാക്കുന്നുവെങ്കിൽ, വീണ്ടും വീണ്ടും ആ ഓർമയിൽ നാം ഉൾപ്പുളകം കൊള്ളുന്നു എങ്കിൽ സാത്താൻ ജയിച്ചു എന്നർത്ഥം. കാരണം അപ്പോൾ മുതൽ, ആ നിമിഷം മുതൽ നാം സ്വയപുകഴ്ക്കാരായി മാറുന്നു. അങ്ങനെ കടന്നുകയറിയ പുകഴ്ചയുടെയും മേന്മയുടെയും ശബ്ദം നമ്മെ ക്രമേണ നിഗളികളും പ്രവർത്തനക്ഷമത നശിച്ചവരുമാക്കുന്നു. പിശാചിനും അതുതന്നെയാണ് ഉദ്ദേശ്യം എന്നറിഞ്ഞിരുന്ന പൗലോസ് അവന്റെ ശ്രമം നിഷ്ഫലമാക്കി.

### അവന് സംഘടനാപാടവം ഉണ്ട്

സാത്താന്റെ സംഘടനാ പാടവവും ശ്രദ്ധേയമാണ്. മത്തായി 12:43-45; ലൂക്കോസ് 11:24-26 എന്നീ വേദഭാഗങ്ങളിൽ പിശാച് സംഘടിതമായി നമ്മെ എതിരിടുന്നതിനുള്ള സാധ്യത കർത്താവ് ഓർമ്മപ്പെടുത്തുകയാണ്. പിശാചുക്കളുടെയിടയിലും വിവിധ തലങ്ങളിലുള്ള ശക്തികേന്ദ്രങ്ങളുണ്ട്. ഒരു സംഘത്തെക്കൊണ്ട് നമ്മെ വീഴിക്കുവാൻ കഴിയുന്നില്ലെങ്കിൽ ശക്തിയേറിയ മറ്റൊരു സംഘവുമായി അവർ മടങ്ങിവന്ന് ആക്രമിക്കും. ഈ കാര്യത്തിൽ അവർ വളരെ യോജിപ്പും കർമ്മശേഷിയും ഉള്ളവരത്രേ.

മറ്റൊരു സാഹചര്യത്തിൽ, കർത്താവ് ഗദെരദേശത്തു ഭൂതഗ്രസ്തനായ ഒരുവനോടു 'നിന്റെ പേരെന്ത്?' എന്നു ചോദിക്കുമ്പോൾ "എന്റെ പേർ ലെഗ്യോൻ; ഞങ്ങൾ പലരാകുന്നു" എന്ന് അവൻ പറയുന്നു. ഒരു ലെഗ്യോൻ എന്നാൽ ഏകദേശം നാലായിരത്തോളം പട്ടാളക്കാർ ഉൾപ്പെട്ട ഒരു സംഘമാണ്. അത്രയും അംഗസംഖ്യയുള്ള ദുഷ്ടാത്മാക്കളുടെ ഒരു സംഘം എത്ര സഹകരണത്തോടും ചിട്ടയോടുമാണ് ആ സാധു മനുഷ്യന്റെമേൽ ആക്രമണം അഴിച്ചുവിട്ടത് എന്നോർക്കുക. ഇരുമ്പു ചങ്ങലകൊണ്ടു പോലും അവനെ ബന്ധിക്കുവാൻ കഴിയാത്തവിധത്തിൽ അമാനുഷശക്തി ആ മനുഷ്യനിൽ സ്വാംശീകരിക്കുവാൻ പിശാചിന്റെ ആ സംഘത്തിനു കഴിഞ്ഞു.

എഫെ. 6:12-ൽ വാഴ്ചകൾ, അധികാരങ്ങൾ, അന്ധകാരത്തിന്റെ ലോകധിപതി, സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേന എന്നിങ്ങനെ എഴുതിയിരുക്കുന്നതായി വായിക്കുന്നു. ഇവിടെ ഒരു ക്രമം കാണുവാൻ കഴിയും. ഇതിൽ എല്ലാം തന്റെ സംഘാടകശക്തിയാണ് തെളിഞ്ഞുവരുന്നത്. തന്റെ അനുയായികളെ കർമ്മോത്സുകരാക്കുവാൻ തക്കവണ്ണം നേതൃത്വഗുണമുള്ളവനാണ് പ്രതിയോഗി.

ഇന്ന് നമ്മുടെ ചുറ്റുപാടുകളിൽ മാഫിയാ സംഘങ്ങൾ പലതും പ്രവർത്തിക്കുന്നുണ്ടല്ലോ. അവർക്കൊന്നും വ്യക്തമായ മേൽവിലാസം കാണുകയില്ല. എന്നാൽ താല്ക്കാലികമായി പ്രവർത്തിക്കുന്ന ഏജന്റുമാർ ഉണ്ടായിരിക്കും. അവർ ഒരു വ്യാജമേൽവിലാസത്തിന്റെ മറവിൽ തങ്ങളുടെ നിഗൂഢലക്ഷ്യങ്ങൾ നിറവേറ്റുന്നു. അപ്രകാരം സാത്താനും ഓരോ സ്ഥലത്തും സൗകര്യപ്രദമായ രീതിയിൽ ഓരോ മേൽവിലാസം ഉണ്ട്. ചില സന്ദർഭങ്ങളിൽ അറിയാതെ നാമും ഇവന്റെ ഏജന്റുമാരായി തീരാറുണ്ട്.

ഇവർക്കു താല്ക്കാലികമായി വേദപുസ്തകം കൊടുത്തിരിക്കുന്ന മേൽവിലാസം "സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേന" എന്നാണ്.

### സാത്താന്റെ തന്ത്രങ്ങളും നമ്മുടെ ആയുധവും

ഒരു യുദ്ധത്തിനുവേണ്ടി ഒരുങ്ങുമ്പോൾ പരമപ്രധാനമായ സ്ഥാനം യുദ്ധോപകരണങ്ങൾക്കുണ്ട്. ആയുധമില്ലാതെ അടരാടുവാൻ സാധ്യമല്ല. ആത്മിക പോരാട്ടത്തിലും ഇത് തികച്ചും വാസ്തവമത്രേ.

പൗലൊസ് അപ്പൊസ്തലൻ തന്റെ ലേഖനത്തിൽ സർവ്വായുധവർഗ്ഗം ധരിച്ചുകൊള്ളുവിൻ എന്ന് ആവർത്തിച്ചു പറയുന്നു:

പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തുനില്പാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊള്ളുവിൻ (എഫെ.6:10).

ഒരു വ്യക്തിക്ക് കർത്താവായ യേശുക്രിസ്തുവിൽ ജയകരമായി ജീവിക്കുവാൻ മതിയായ എല്ലാ ആയുധങ്ങളും ഈ "സർവ്വായുധവർഗ്ഗ"ത്തിൽ അടങ്ങിയിരിക്കുന്നു. ആത്മീയ യുദ്ധക്കളത്തിലായിരിക്കുന്ന ദൈവപൈതങ്ങൾക്ക് ഈ ആത്മീയ പോരാട്ടത്തിൽ ജയിക്കണമെങ്കിൽ ഈ ആയുധങ്ങൾ ധരിച്ചേ മതിയാകൂ.

എപ്രകാരമാണ് ആത്മീയ പോരാട്ടത്തിന്റെ ആയുധങ്ങൾ ധരിക്കേണ്ടത് എന്നും എങ്ങനെയുള്ള ആയുധങ്ങളാണ് ധരിക്കേണ്ടത് എന്നും പൗലൊസ് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക:

രാത്രി കഴിയാറായി പകൽ അടുത്തിരിക്കുന്നു; അതുകൊണ്ട് നാം ഇരുട്ടിന്റെ പ്രവൃത്തികളെ ഉപേക്ഷിച്ച് വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക (റോമ.13:12). തുടരും.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# ഞാൻ അറിഞ്ഞ എന്റെ ക്രിസ്തു

ഹ്രസ്വമാണീ ജന്മം. യാത്ര പിക്നിക് അല്ല, മോക്ഷയാത്രയാണെന്ന തോന്നൽ ഈയിടെ തെല്ലു കൂടിയിട്ടുണ്ട്. യാക്കോബ് ഈ ജന്മത്തിന്റെ ക്ഷണികതയെക്കുറിച്ചു പറഞ്ഞു: "നാളത്തെ ജീവിതം എങ്ങനെയുള്ളതായിരിക്കും എന്ന് നിങ്ങൾക്കറിഞ്ഞുകൂടാ. അല്പനേരത്തേക്ക് പ്രത്യക്ഷപ്പെടുകയും അതിനുശേഷം അപ്രത്യക്ഷമാകുകയും ചെയ്യുന്ന മൂടൽമഞ്ഞാണ് നിങ്ങൾ" (4:14). ജ്ഞാനിയായ സോളമൻ പറഞ്ഞു; "ഒരിക്കലും ഉണ്ടായിരുന്നില്ല എന്നവിധം നാം മറഞ്ഞുപോകും... ക്രമേണ നമ്മുടെ നാമം വിസ്മൃതമാകും" (സഭാപ്രസംഗി 2:16). എന്നാൽ ഒരിക്കലും വിസ്മൃതമാകാത്ത നാമമാണ് യേശുക്രിസ്തു.

ക്രിസ്തു ആര്? എന്തിന്? എന്ന് ചോദിക്കുന്നവരുടെ എണ്ണം കൂടുന്നുണ്ട്. ഉത്തരങ്ങളേക്കാൾ ഇവിടെ പ്രസക്തി മുറിവേറ്റ ക്രിസ്തുവിന്റെ രൂപത്തിനാണ്. ഈ ഭൂമിയിലെ പരിക്കുകൾ അകറ്റാൻ ദൈവം ഭൂമിയിലേക്ക് അയച്ച സൗഖ്യമാണ് ക്രിസ്തു.

ചിലപ്പോൾ അതിശയം തോന്നാം, എത്ര മുറിഞ്ഞിട്ടാണവൻ മനുഷ്യരുടെ പരിക്കുകൾക്ക് ലേപനമാകുന്നതെന്ന്. മനുഷ്യന്റെ പരിക്കിനും ഭൂമിയുടെ പരിക്കിനും സമൂഹത്തിന്റെ അപചയങ്ങൾക്കും എല്ലാം പകരമായി തന്നെത്തന്നെ ഏല്പിച്ചുകൊടുത്തവൻ. നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ പോലെയാണെന്ന് എഴുത്തുകാരൻ ബെന്യാമിന്റെ 'ആടുജീവിതത്തിൽ' പറയുന്നുണ്ട്. യേശു ഒരു കെട്ടുകഥയല്ലല്ലോ. ക്രിസ്തു ജനിച്ചുവീണതുതന്നെ ഈ ഭൂമിയുടെ മുറിവുകൾ ഉണക്കാനായിരുന്നു. യെശ. 53:4 പറയുംപോലെ, നമ്മുടെ വേദനകളാണ് അവൻ വഹിച്ചത്.

ശവപ്പറമ്പുകളിൽ താമസമാക്കിയിരുന്ന ഒരുവനോട് ക്രിസ്തു പേരു ചോദിക്കുകയാണ്. അവൻ പറയുന്നു, "ഞാനാണ് ലെഗിയോൻ." ഇതിനൊരു വ്യാഖ്യാനം കിട്ടിയതിങ്ങനെയാണ്, സ്വയം ചെകുത്താനെന്ന് അഭിസംബോധന ചെയ്യുകയാണയാൾ. അത്രയേറെ കൊള്ളരുതാത്തവനെന്ന് വീടും സമൂഹവും അയാളെ വിളിച്ചിട്ടുണ്ടാവണം. ആരുടെയും മുൻപിലേക്ക് വരാൻപോലും കെല്പില്ലാത്തവൻ. സെമിത്തേരിപ്പറമ്പിൽ ഒറ്റക്കു താമസം, അങ്ങേയറ്റം മോശമായി ചിത്രീകരിക്കപ്പെടുകയും വെറുക്കപ്പെടുകയും ചെയ്യുന്നവൻ. ആരാലും സ്നേഹിക്കപ്പെടാത്തവൻ. അവനെ സ്നേഹത്തോടെ തൊട്ടത് ക്രിസ്തുവായിരുന്നു. ആ മാത്രയിൽ ഒരു കൊച്ചുകുഞ്ഞെന്നവണ്ണം വാവിട്ടുകരഞ്ഞ് അയാൾ തന്റെ സങ്കടക്കടലിനെ ഒഴുക്കിവിടുന്നു. ശാന്തനായ്, സ്വസ്ഥനായ് ക്രിസ്തുവിന്റെ ചാരേ ചേർന്നുനിൽക്കുന്നു.


ഒറ്റക്കായിപ്പോകുന്നവന്റെ മനോവ്യാപാരങ്ങളിലൂടെ കടന്നുപോകാൻ കഴിയുന്നവനാണ് ക്രിസ്തു. നഷ്ടപ്പെട്ടുപോയ ചിരികൾ തെളിയിക്കുന്നവൻ. വീണുപോയവർക്കു താങ്ങാകുന്നവൻ, ആർക്കൊക്കെയോ മക്കളാകുന്നവൻ, വിശപ്പിന്റെ തീയിലേക്ക് അന്നം വിളമ്പുന്നവൻ, ഹൃദയം പങ്കിട്ടെടുക്കുന്ന സുഹൃത്താകുന്നവൻ, കുറ്റബോധത്തിന്റെ കനലുകൾ വീണുപൊള്ളിയവന് തൈലമാകുന്നവൻ, നൈരാശ്യത്തിന്റെ അഗാധതകളിലെ പിടിവള്ളിയാകുന്നവൻ, ഒറ്റപ്പെടലിന്റെ ഏകാന്തയാത്രയിൽ കൂട്ടുചേരുന്നവൻ അങ്ങനെയൊരാൾ എത്ര ദീപ്തമായ പ്രതീക്ഷയാണ്.

തണൽമരങ്ങളെപ്പോഴും വെയിൽ കൊള്ളുന്നവരാണ്. എന്നിട്ടും പടർന്നു പന്തലിച്ചങ്ങനെ നിൽക്കും. ശാഖകളിൽ പറവകൾ കൂടുകെട്ടും. അതിന്റെ മധുരമൂറുന്ന ഫലങ്ങൾ കഴിച്ച് ജീവജാലങ്ങൾ വിശപ്പടക്കും. നടന്നു തളർന്നവർ അതിനുതാഴെ തലചായ്ക്കും, തന്റെ ശ്വാസോച്ഛ്വാസത്തിലൂടെ പ്രാണവായു പകർന്നുകൊടുത്തുകൊണ്ട് അത് ജീവനായി മാറുന്നു. അതെ ജീവൻ നൽകി നമുക്ക് ജീവനേകിയവനാണ് ക്രിസ്തു. അവിടുന്ന് സ്നേഹമാണ്, ത്യാഗമാണ്, ദയയാണ്, കരുണയാണ്, നീതിമാനായ ദൈവമാണ്.

വരൂ... അവന്റെ ചിറകുകൾക്കുമേൽ
നിന്റെ ഒടിഞ്ഞ ചിറകുകൾ വയ്ക്കൂ.
അവന്റെയാകാശം നിന്റേതാക്കൂ.
പ്രതീക്ഷകളുടെ പൂക്കാലം വിരിയട്ടെ.

# ഇയ്യോബും സഭാപ്രസംഗിയും

തുടർച്ച 3



ഇയ്യോബിന്റെ അനുഗ്രഹങ്ങളിൽ നല്ലൊരു കുടുംബവുമുണ്ടായിരുന്നു. അവന് ഏഴു ആൺമക്കളും മൂന്ന് പെൺമക്കളുമടക്കം പത്തു മക്കളുണ്ടായിരുന്നു. അവരെല്ലാവരും അടുത്ത കുടുംബബന്ധമാണ് പുലർത്തിയിരുന്നത്. ഓരോ പുത്രനും ഓരോ വിരുന്നുകഴിക്കുന്ന "ദിവസമുണ്ടായിരുന്നു"-അത് ഒരുപക്ഷെ ജന്മദിവസമായിരുന്നേക്കാം - ആ വിരുന്നുകളിൽ പങ്കെടുക്കുവാൻ അവരുടെ സഹോദരിമാരെയും ക്ഷണിച്ചിരുന്നു. കുടുംബാംഗങ്ങൾ ഒത്തുകൂടുന്നത് അവർ ഇഷ്ടപ്പെട്ടിരുന്നു. പരസ്പരം അടുത്തിരിക്കുന്നതും സ്നേഹിക്കുന്നതുമല്ലാതെ ഒരു പിതാവ് മറ്റെന്താണ് അവരിൽനിന്ന് പ്രതീക്ഷിക്കുന്നത്.

ഭൗതികമായ വലിയ സമ്പത്തിനു ഉടമയായിരുന്നു ഇയ്യോബ്. ആടുമാടുകളുടെ എണ്ണം കൊണ്ടായിരുന്നു അന്ന് ആളുകളുടെ സമ്പത്ത് കണക്കാക്കിയിരുന്നത്. അവന്, 7000 ആടുകളും, 3000 ഒട്ടകങ്ങളും, 500 ഏർ കാളയും, 500 പെൺകഴുതകളും അസംഖ്യം ദാസജനവും ഉണ്ടായിരുന്നു. രാജ്യത്ത് അവൻ ഒരു വലിയ ധനികൻ തന്നെയായിരുന്നു.

ഇയ്യോബിന്റെ സ്നേഹിതന്മാർ അവനെ ബഹുമാനിച്ചിരുന്നു. ഇതും, സന്തോഷിപ്പിക്കുന്ന അനുഗ്രഹമാണ്. വാസ്തവത്തിൽ, മനുഷ്യരുടെ ബഹുമാനത്തേക്കാൾ ദൈവത്തിന്റെ സ്വീകാര്യതയ്ക്കാണ് ഇയ്യോബ് മുൻതൂക്കം കൊടുത്തിരുന്നതെങ്കിലും, സ്നേഹിതരുടെ ബഹുമാനത്തെ അവൻ വിലമതിച്ചിരുന്നു.

അവയിലെല്ലാറ്റിലുമുപരിയായി, ഇയ്യോബ് ദൈവത്തിന്റെ അംഗീകാരം ആസ്വദിച്ചിരുന്നു: "...അവനെപോലെ, നിഷ്ക്കളങ്കനും, ദൈവഭക്തനും, നേരുള്ളവനും, ദോഷം വിട്ടകലുന്നവനും ഭൂമിയിൽ മറ്റാരുമില്ലല്ലൊ" (1:8). നാം ദൈവത്താൽ അംഗീകരിക്കപ്പെടുന്നു എന്നറിയുന്നതിനേക്കാൾ വലിയ അനുഗ്രഹം മറ്റൊന്നില്ല. ഏതെങ്കിലും ഒരു മനുഷ്യന് എപ്പോഴെങ്കിലും നൽകിയിട്ടുള്ള പ്രശംസയേക്കാൾ ഏറ്റവും മഹത്തായ പ്രശംസയാണ് ദൈവം ഇയ്യോബിന് നൽകിയത്. നമ്മുടെ ജീവിതത്തെ കുറിച്ച് ദൈവം നല്ല അഭിപ്രായം പറയുന്നതിനേക്കാൾ എന്തു നേട്ടമാണ് നമുക്ക് വേണ്ടത്?

**ഇയ്യോബിനെ പരീക്ഷിക്കുന്നു** (1:6-2, 10).

സാത്താൻ ഭൂമിയിൽ അന്നും ഇന്നും സജീവമായി പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത്. ദൈവപുത്രന്മാർ ദൈവത്തെ സന്ദർശിക്കുവാൻ അവന്റെ സന്നിധിയിലെത്തിയപ്പോൾ അവരുടെ കൂട്ടത്തിൽ സാത്താനും ചെന്നു. ഈ സന്ദർഭത്തിൽ, ദൈവപുത്രന്മാർ എന്ന് പറഞ്ഞിരിക്കുന്നത് സാധാരണ ദൈവദൂതന്മാരായി കണക്കാക്കണം. സാത്താന്റെ ശക്തിയെ സംബന്ധിച്ച് ഒരു വലിയ പാഠം ഉയരുന്നു. ദൈവദൂതന്മാരോടൊപ്പം സാത്താനു പ്രവേശിക്കുവാൻ കഴിയുമെങ്കിൽ, നമ്മുടെ പ്രാദേശിക സഭകളിൽ അവൻ തന്റേതായ നിലയിൽ പ്രവർത്തിക്കുന്നതിൽ അതിശയിക്കുവാനില്ല. അവൻ "ഭൂമിയിൽ ഊടാടി സഞ്ചരിക്കുകയായിരുന്നു" എന്നതു ശ്രദ്ധിക്കുക (1:7).

ദൈവം സാത്താനോട് പറഞ്ഞു, "എന്റെ ദാസനായ ഇയ്യോബിന്റെമേൽ നീ ദൃഷ്ടിവെച്ചുവോ" (1:8). സാത്താൻ ഇയ്യോബിന്റെമേൽ ദൃഷ്ടി പതിപ്പിച്ചിരുന്നു. ഇയ്യോബിന്റെ നന്മയെ സാത്താൻ ചോദ്യം ചെയ്തിരുന്നില്ല. പകരം, അവൻ സംഗതിയുടെ കേന്ദ്രബിന്ദുവിലേക്ക് തിരിഞ്ഞു. അവൻ ഇയ്യോബിന്റെ നിലപാടിനെയാണ് ചോദ്യം ചെയ്തത്. ഇയ്യോബിനെ അനുഗ്രഹിച്ചതുപോലെ ആരെ അനുഗ്രഹിച്ചാലും അവൻ ദൈവത്തോട് സത്യസന്ധനായിരിക്കും എന്നാണ് സാത്താൻ വിശ്വസിച്ചത്. അവൻ ദൈവത്തെ സേവിക്കുന്നത് സ്വാർത്ഥലാഭം കൊണ്ടാണെന്ന് സാത്താൻ അവനെ കുറ്റപ്പെടുത്തി: വെറുതെയോ ഇയ്യോബ് ദൈവഭക്തനായിരിക്കുന്നത്? നീ അവന്നും അവന്റെ വീട്ടിന്നും അവനുള്ള സകലത്തിനും ചുറ്റും വേലികെട്ടീട്ടില്ലയോ? നീ അവന്റെ പ്രവൃത്തിയെ അനുഗ്രഹിച്ചിരിക്കുന്നു. അവന്റെ മൃഗസമ്പത്ത് ദേശത്ത് പെരുകിയിരിക്കുന്നു. തൃക്കൈ നീട്ടി അവന്നുള്ളതൊക്കെയും ഒന്നു തൊടുക. അവൻ നിന്നെ മുഖത്തുനോക്കി ത്യജിച്ചുപറയും എന്നു പറഞ്ഞു (1:9-11).

ദൈവം ഇയ്യോബിന് അവന്റെ ആഗ്രഹത്തിനൊത്ത് അനുഗ്രഹങ്ങൾ നൽകിയതുകൊണ്ടാണ് അവൻ ദൈവഭക്തനായിരുന്നത് എന്നാണ് സാത്താൻ വ്യക്തമാക്കിയത്. ദൈവം ഇയ്യോബിനെ അനുഗ്രഹിക്കുന്നതു നിർത്തിയാൽ, അവന്റെ ദൈവഭക്തിയും അതോടെ നില്ക്കുമെന്നാണ് സാത്താൻ പറഞ്ഞത്.

സാത്താന്റെ അവകാശവാദം പരീക്ഷിക്കുവാനായി ദൈവം സാത്താനെ അനുവദിച്ചു. "ഇതാ, അവനുള്ളതൊക്കെയും നിന്റെ കയ്യിലിരിക്കുന്നു. അവന്റെ മേൽ മാത്രം കയ്യേറ്റം ചെയ്യരുത്" എന്ന് ദൈവം പറഞ്ഞു. ഇവിടെ സാത്താനെ കുറിച്ചും അവന്റെ പരീക്ഷണങ്ങളെ കുറിച്ചും പ്രധാനപ്പെട്ട ചില പാഠങ്ങൾ നമുക്ക് പഠിക്കുവാൻ കഴിയും. ഒന്നാമതായി ഇയ്യോബിനെപോലെയുള്ള ഒരാൾക്ക് സാത്താനെ ഒഴിഞ്ഞുമാറുവാൻ കഴിഞ്ഞില്ലെങ്കിൽ നമുക്കും ഒഴിഞ്ഞുമാറുവാൻ കഴിയുകയില്ല. രണ്ടാമത്, ഇയ്യോബിനെപോലെയുള്ള ഒരാളെ സാത്താന്റെ ശക്തിയാൽ പരീക്ഷിപ്പാനും, പത്രോസിനെ പാറ്റുവാനും ഇടയാക്കിയെങ്കിൽ, നാമും അതിന് വിധേയരാകും എന്നോർക്കുക (ലൂക്കോസ് 22:31,32). മൂന്നാമത്, സാത്താന്റെ ശക്തിക്ക് ദൈവം ഒരു പരിധി വെച്ചിരിക്കുന്നു. ഇയ്യോബിന്റെ ഭൗമിക അനുഗ്രഹങ്ങളെ എടുത്തുകളവാൻ സാത്താനെ ദൈവം അനുവദിച്ചു, എന്നാൽ അവന്റെ പ്രാണന്റെമേൽ കൈവെപ്പാൻ അനുവദിച്ചില്ല. ഇയ്യോബിനെ അവന്റെ കഴിവിനപ്പുറമായി പരീക്ഷിപ്പാൻ ദൈവം സാത്താനെ അനുവദിച്ചില്ല. നാമെല്ലാവരും പരീക്ഷിക്കപ്പെടും, എന്നാൽ "ദൈവം വിശ്വസ്തൻ, നിങ്ങൾക്ക് കഴിയുന്നതിന് മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ, നിങ്ങൾക്ക് സഹിപ്പാൻ കഴിയേണ്ടതിന് പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും." (1 കൊരിന്ത്യർ 10:13). (തുടരും).

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# ഇത് അവരുടെ കഥ നിങ്ങളുടേയും



ഒരു കോളജ് കാമ്പസിൽ നിന്നുള്ള ഒരു കഥ. പഠിക്കാൻ മിടുക്കരായ വിദ്യാർഥിക ളായിരുന്നു അവർ നാലുപേരും. എല്ലാ വിഷയങ്ങളിലും അവർ എപ്പോഴും നന്നായി ശോഭിച്ചിരുന്നു. എന്നാൽ കോളേജിലെത്തി അധികനാൾ കഴിയുന്നതിനു മുമ്പു ജീവിതം ആസ്വദിക്കുന്നതിലായി അവരുടെ ശ്രദ്ധ മുഴുവനും. മദ്യപാനം അവരുടെ ബലഹീനത യായിരുന്നു. രാത്രിയായാൽ കാറിൽ നഗരത്തിലൂടെ ചുറ്റിക്കറങ്ങുന്നതിൽ അവർ രസം കണ്ടെത്തി.

കാമ്പസിലെ ഹോസ്റ്റലിലായിരുന്നു അവരുടെ താമസം. ഹോസ്റ്റൽ വാർഡൻ വിദ്യാർത്ഥികൾക്കു സ്വാതന്ത്ര്യം നൽകുന്ന കൂട്ടത്തിലായിരുന്നതുകൊണ്ട് അവിടെ അവർക്കും ആരെയും ഭയപ്പെടേണ്ട കാര്യമില്ലായിരുന്നു. തന്മൂലം പഠനത്തിനെന്നതി നെക്കാൾ ഉഴപ്പിനടക്കുന്നതിന് അവർ കൂടുതൽ സമയം ചെലവഴിച്ചു. അങ്ങനെയിരി ക്കുമ്പോഴാണ് പ്രധാനപ്പെട്ട ഒരു സെമസ്റ്റർ പരീക്ഷ എത്തിയത്. എന്നാൽ ആ പരീക്ഷ യുടെ തലേദിവസം അവർ പാർട്ടികൂടി മദ്യപിക്കാൻ പോയി. അവർ മടങ്ങിവന്നതാ കട്ടെ നേരം വെളുക്കാറായപ്പോഴേക്കും. പിന്നെ ഉറങ്ങാനല്ലാതെ പഠിക്കാൻ അല്പം പോലും സമയം കിട്ടിയില്ല.

രാവിലെ പരീക്ഷയ്ക്കു പോകേണ്ട സമയമായപ്പോൾ അവർക്കാകപ്പാടെ അങ്കലാ പ്പായി. പരീക്ഷ എഴുതിയാൽ തോൽക്കുമെന്നു തീർച്ചയായിരുന്നു. തന്മൂലം പരീക്ഷ മാറ്റിവയ്ക്കുന്നതിനുള്ള വഴികൾ അവർ ആലോചിച്ചു. അപ്പോൾ അവരിലൊരാൾ ഒരു നിർദേശം മുന്നോട്ടുവച്ചു. അത് ഇപ്രകാരമായിരുന്നു: 'പ്രൊഫസറോടു നടന്ന കാര്യം പറയാം. ഒരുപക്ഷേ അദ്ദേഹം നമ്മുടെ സാഹചര്യം മനസിലാക്കി നമ്മെ സഹായി ക്കാതിരിക്കില്ല.'

എന്നാൽ സത്യം പറഞ്ഞാൽ രക്ഷപെടാൻ സാധ്യമല്ലെന്നായിരുന്നു മറ്റു മൂന്നുപേ രുടെ നിലപാട്. പ്രൊഫസർ കർക്കശക്കാരനായതുകൊണ്ട് അദ്ദേഹം അല്പം പോലും ദാക്ഷിണ്യം കാണിക്കുകയില്ലെന്നു അവർ വാദിച്ചു. അതേത്തുടർന്ന് ആ മൂന്നുപേരി ലൊരാൾ ഒരു ബുദ്ധി ഉപദേശിച്ചു. അതിപ്രകാരമായിരുന്നു: 'നമ്മൾ ഒരു കല്യാണ പ്പാർട്ടിയിൽ പങ്കെടുക്കാൻ പോയെന്നും രാത്രിയിൽ ലേറ്റായി മടങ്ങി വരുമ്പോൾ നമ്മുടെ കാറിന്റെ ടയർ ഫ്ളാറ്റായെന്നും തന്മൂലം മടങ്ങിവന്നപ്പോൾ നേരം വെളുത്തെന്നും അതുകൊണ്ട് അല്പം പോലും പഠിക്കാൻ സാധിച്ചില്ലെന്നും നമുക്കു പറയാം. നമുക്കു നന്നായിട്ട് അഭിനയിക്കാൻ സാധിച്ചാൽ തീർച്ചയായും പ്രൊഫസർ നമ്മെ വിശ്വസി ക്കാതിരിക്കില്ല. അപ്പോൾ അദ്ദേഹം നമുക്കുവേണ്ടി അടുത്തൊരു ദിവസം പരീക്ഷ നട ത്താൻ സമ്മതിച്ചേക്കും.' സത്യം പറയാമെന്നു വാദിച്ച ആൾ ഒഴികെ മറ്റു രണ്ടുപേർക്കും സ്വീകാര്യമായിരുന്നു ഈ നിർദേശം. മറ്റു പോംവഴികളൊന്നുമില്ലാതിരുന്നതുകൊണ്ട് ആ വിദ്യാർത്ഥിയും അവസാനം മറ്റുള്ളവരുടെ തീരുമാനം അംഗീകരിച്ചു.

പരീക്ഷയുടെ അല്പസമയം മുൻപ് അവർ നാലുപേരും പ്രൊഫസറുടെ അരികി ലെത്തി അവരുടെ കഥ പറഞ്ഞു. അദ്ദേഹം വേഗം അവരുടെ പരീക്ഷ മറ്റൊരു ദിവസ ത്തേക്കു മാറ്റിവച്ചു. അപ്പോൾ വലിയൊരു വിജയം നേടിയ പ്രതീതിയായിരുന്നു അവർക്ക്. തങ്ങളുടെ ബുദ്ധിയോർത്ത് അവർ സ്വയം പ്രശംസിക്കുകയും ചെയ്തു.

മാറ്റിവച്ച പരീക്ഷയ്ക്കുവേണ്ടി അവർ നന്നായി പഠിച്ചു. അവർ പരീക്ഷയ്ക്കു ചെന്ന പ്പോൾ അവരെ വെവ്വേറെ മുറികളിലിരുത്തി അവർക്കു ചോദ്യക്കടലാസ് നല്കി. അതിൽ രണ്ടു ചോദ്യങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്. ഒന്ന്, നിങ്ങളുടെ പേര് എന്താണ്? രണ്ട്, നിങ്ങളുടെ കാറിന്റെ ഏതു ടയറാണ് പഞ്ചറായത്. ഈ ചോദ്യങ്ങൾ കണ്ട വിദ്യാർത്ഥി കളുടെ മനോനില നമുക്ക് ഊഹിക്കാവുന്നതല്ലേയുള്ളൂ. ഈ വിദ്യാർത്ഥികൾ പിന്നീട് എങ്ങനെയായിരിക്കും തങ്ങളുടെ പ്രൊഫസറെ അഭിമുഖീകരിച്ചതെന്നും നമുക്കു ഭാവന ചെയ്യാവുന്നതേയുള്ളൂ. അവരിലാർക്കെങ്കിലും അന്നു തങ്ങളുടെ പ്രൊഫസറുടെ മുഖത്തു നോക്കുവാൻ വേണ്ട ധൈര്യമുണ്ടാകുമായിരുന്നോ?

ജീവിക്കേണ്ടതുപോലെ ജീവിക്കാതെയും പ്രവർത്തിക്കേണ്ടതുപോലെ പ്രവർത്തി ക്കാതെയും വ്യാജവും വഞ്ചനയും പ്രവർത്തിച്ചുകൊണ്ട് മനുഷ്യരെ കബളിപ്പിച്ച് ഭൂമി യിൽ മിടുക്കന്മാരായി, ആത്മീയരായി അഭിനയിച്ച് ജീവിയ്ക്കാനായേക്കും. എന്നാൽ വ്യാജവും വഞ്ചനയുമായി ദൈവത്തെ എങ്ങനെ അഭിമുഖീകരിക്കും എന്നു നാം ചിന്തി ക്കേണ്ടിയിരിക്കുന്നു. പാപത്തെ ഓമനപ്പേരിട്ട് വിളിക്കുന്ന പ്രവണത ഈ കാലഘട്ട ത്തിൽ വ്യാപകമാണ്. കോപത്തെ ബ്ലഡ് പ്രഷറായും, വ്യഭിചാരത്തെ അല്പം ബല ഹീനതയായും, കള്ളം പറയന്നതിനെ നയതന്ത്രമായും, അപവാദം പ്രചരിപ്പിക്കുന്ന തിനെ നിലനിൽപ്പിന്റെ ഭാഗമായും കണക്കാക്കുന്നു. പാപം പാപമാണ്. അതിനെതിരെ പ്രാണത്യാഗത്തോളം എതിർത്തുനിൽക്കണം. അശുദ്ധിയോടുള്ള താൽപര്യം അപകട മാണ്. അശുദ്ധിയിൽ കാൽമുക്കിയിട്ടും ഒന്നും സംഭവിച്ചില്ലല്ലോ, ആരും അറിഞ്ഞില്ല ല്ലോ, സഭയിൽ ഇന്നും മുഖ്യസ്ഥാനമാണല്ലോ എന്നെല്ലാം കരുതുന്നെങ്കിൽ ഓർക്കുക. ഒരിക്കലും നിങ്ങൾക്ക് ദൈവത്തെ അഭിമുഖീകരിക്കാൻ കഴിയില്ല. നിത്യമരണമാണ് നിങ്ങളെ കാത്തിരിക്കുന്നത്.

---

# ഒന്നിനും സമയമില്ല



ടൈം മാനേജ്മെന്റിനെക്കുറിച്ചുള്ള ക്ലാസാണ് രംഗം. അധ്യാപകൻ ഒരു വലിയ ബക്ക റ്റെടുത്ത് മേശപ്പുറത്തു വച്ചു. വലിയ കല്ലു കൾകൊണ്ട് അതു നിറച്ചതിനുശേഷം ക്ലാസിലു ള്ളവരോട് ചോദിച്ചു.

ഈ ബക്കറ്റിപ്പോൾ നിറഞ്ഞോ? ഉവ്വെന്നായി രുന്നു ഒറ്റ സ്വരത്തിലുള്ള ഉത്തരം. അപ്പോൾ അധ്യാപകൻ കുറേ ചരൽക്കല്ലുകൾ വാരിയെടുത്ത് ബക്കറ്റിലെ വലിയ കല്ലുകൾക്കിടയിൽ നിറച്ചു. അതിനുശേഷം വീണ്ടും തന്റെ ചോദ്യം ആവർത്തിച്ചു.

ഇപ്പോൾ ബക്കറ്റ് നിറഞ്ഞു കഴിഞ്ഞോ? കുട്ടി കൾക്ക് സംശയമായി. അവർ നിശബ്ദത പാലിച്ചു. ഉടനെ അധ്യാപകൻ മേശയ്ക്കടിയിൽ സൂക്ഷിച്ചി രുന്ന ഒരു ചെറിയ ബക്കറ്റെടുത്തു. അതിലുള്ള നേർത്ത മണൽക്കല്ലുകൾ – നിറഞ്ഞിരിക്കുന്ന ബക്കറ്റിലേക്ക് പകർന്നു. കല്ലുകൾക്കിടയിലുള്ള വിടവുകളിലൂടെ മണൽ ഊർന്നിറങ്ങി. ബക്കറ്റിൽ ഇനി ഒട്ടും സ്ഥലമില്ലാത്തതുപോലെ അതു നിറഞ്ഞു കവിഞ്ഞു. വീണ്ടും അധ്യാപകൻ വിദ്യാർത്ഥികളോട് ചോദിച്ചു.

ഇപ്പോൾ ബക്കറ്റ് നിറഞ്ഞില്ലേ. എല്ലാവരും 'ഉവ്വ്' എന്നു പറഞ്ഞപ്പോൾ അധ്യാപ കൻ ഒരു കപ്പ് വെള്ളമെടുത്ത് ബക്കറ്റിലേക്ക് ഒഴിച്ചു. ഇനി ഒട്ടും സ്ഥലം അവശേഷിച്ചി ട്ടില്ലായെന്ന് തോന്നിപ്പിച്ച ആ ബക്കറ്റ് ഈ വെള്ളത്തെയും ഉൾക്കൊണ്ടു.

പരീക്ഷണം കഴിഞ്ഞ് അദ്ദേഹം വിദ്യാർത്ഥികളോട് ഇപ്രകാരം ചോദിച്ചു:

ഇതിൽ നിന്നും എന്താണ് നാം മനസിലാക്കേണ്ടത്.

ഒരു വിദ്യാർത്ഥി പറഞ്ഞു: "ഒട്ടും സമയമില്ലായെന്നു പറയുന്നവർക്കും പരിശ്രമിക്കു കയാണെങ്കിൽ കുറേക്കാര്യങ്ങൾകൂടി സമയപട്ടികയിൽ ഉൾപ്പെടുത്താൻ കഴിയും."

"അതല്ല ഈ ബക്കറ്റ് നല്കുന്ന സന്ദേശം," അധ്യാപകൻ വിശദീകരിച്ചു; "ആദ്യം വലിയ കല്ലുകൾ ബക്കറ്റിൽ നിറച്ചതുകൊണ്ടാണ് പിന്നീട് ചെറിയ വസ്തുക്കൾ അതിൽ നിറയ്ക്കാൻ പറ്റിയത്. മണലോ ചരൽക്കല്ലുകളോ ആണ് ആദ്യം നിറച്ചതെങ്കിൽ പിന്നീട് വലിയ കല്ലുകൾക്ക് അതിൽ സ്ഥാനം കിട്ടുകയില്ലായിരുന്നു. ഇതുപോലെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾക്ക് ആദ്യം സമയം കണ്ടെത്തിയാലേ പിന്നീട് ചെറിയ കാര്യ ങ്ങൾക്കുള്ള സമയം ലഭ്യമാകൂ. അപ്രധാനങ്ങളായ കാര്യങ്ങൾക്ക് മുൻഗണന കൊടു ക്കുന്നതുകൊണ്ടാണ് സമയം തികയാതെ വരുന്നത്."

പ്രാർത്ഥിക്കാൻ സമയമില്ല, സ്നേഹിക്കാനും സംസാരിക്കാനും സമയമില്ല, ജോലികൾ ചെയ്തുതീർക്കാനും സമയം തികയുന്നില്ല. ഇങ്ങനെ ഒന്നിനും സമയം കിട്ടാതെ പിരിമുറുക്കം അനുഭവിക്കുന്നവരാണ് വള രെയധികം പേരും. ഞാനും പലപ്പോഴും ഇത്തരം അനുഭവത്തിലൂടെ കടന്നപോയിട്ടുണ്ട്. ഈ കാല ഘട്ടങ്ങളെയെല്ലാം വിശകലനം ചെയ്തപ്പോൾ ഒരു കാര്യം എനിക്കു ബോധ്യമായി. ദൈവം ജീവിത ത്തിന്റെ കേന്ദ്രസ്ഥാനത്തുനിന്ന് നീക്കപ്പെടുമ്പോ ഴാണ് എല്ലാ ക്രമരാഹിത്യങ്ങളും രൂപം കൊള്ളുന്ന ത്. ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് ദൈവ മാണ്. അതിനാൽ, പ്രർത്ഥനയ്ക്കും മറ്റ് ദൈവിക കാര്യങ്ങൾക്കുമുള്ള മുൻഗണന നഷ്ടപ്പെടുകയും ക്രിസ്തീയ ജീവിതത്തിലെ പ്രാധാന്യം കുറഞ്ഞ കാര്യങ്ങൾക്ക് അമിത പ്രാധാന്യം കൊടുക്കുകയും ചെയ്യുന്നതാണ് സമയരാഹിത്യത്തിന്റെ അടിസ്ഥാ നകാരണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ നമ്മെ ഏല്പിച്ചിരിക്കുന്ന എല്ലാ കാര്യങ്ങളും ചെയ്യാനുള്ള സമയം ദൈവം നമുക്ക് തന്നിട്ടുണ്ട്. പരിശുദ്ധാത്മാവ് നമ്മുടെ ജീവിതത്തിന്റെ നിയന്ത്രിതാവായി തുടരു മ്പോൾ എല്ലാം സമയത്തിന്റെ ഉള്ളിൽ തീർക്കാൻ പറ്റും. സമയം പാഴായിപ്പോകാതിരിക്കാൻ പരിശു ദ്ധാത്മാവ് നമ്മെ സഹായിക്കും. ചുരുങ്ങിയ സമയം കൊണ്ട് കൂടുതൽ കാര്യങ്ങൾ ചെയ്യുവാൻ ദൈവാത്മാവിന്റെ സഹവാസം ഉള്ളപ്പോൾ സാധിക്കും. ചിലപ്പോഴൊക്കെ ഒരു എഡിറ്റോറിയലെഴുതാൻ ഒരാഴ്ചയോളം കഷ്ടപ്പെടേണ്ടി വന്നിട്ടുണ്ട്. എന്നാൽ തിര ക്കിന്റെ നടവിലും ഒരു മണിക്കൂറിൽ കുറഞ്ഞ സമയംകൊണ്ട് ലേഖനങ്ങളെഴുതാൻ പരിശുദ്ധാത്മാവിന്റെ നിറവുള്ളപ്പോൾ കഴിയാറുണ്ട്. വാസ്തവത്തിൽ സമയക്കുറവല്ല പലപ്പോഴും പ്രശ്നം. പരിശുദ്ധാത്മാവിന്റെ കുറവാണ്.

അമിതമായ തിരക്കും ഒന്നിനും സമയം തികയാത്ത അവസ്ഥയും ആത്മീയ ശുഷ്ക തയിലേക്ക് നമ്മെ നയിക്കും. അതുപോലെ പ്രാർത്ഥന വഴി ദൈവത്തോട് ഒന്നാകുന്ന തനുസരിച്ച് വ്യഗ്രതകളും തിരക്കുകളും കുറയും. സമയം നഷ്ടപ്പെടുത്തുന്ന അനാ വശ്യ സാഹചര്യങ്ങളെ ഒഴിവാക്കുവാൻ ദൈവത്തോടൊന്നിച്ച് ചെലവഴിക്കേണ്ട സമയ ങ്ങളെ ഒരിക്കലും ഒഴിവാക്കാതിരിക്കുക. പ്രയോജനമില്ലാത്ത വായന, ഫോൺ വഴിയും നേരിട്ടുമുള്ള അനാവശ്യ സംഭാഷണങ്ങൾ, ടെലിവിഷന്റെ മുന്നിലും ഇന്റർനെറ്റിന്റെ മുന്നിലുമുള്ള പ്രയോജന ശൂന്യമായ സമയം ചെലവഴിക്കൽ, അനാവശ്യ യാത്രകൾ, ആകുലപ്പെട്ടും ദിവാസ്വപ്നം കണ്ടും സമയം ചിലവഴിക്കൽ ഇതൊക്കെ ഒഴിവാക്കി യാൽ തന്നെ ജീവിതത്തിന്റെ പുരോഗതിക്കാവശ്യമായത്ര സമയം ഓരോ വ്യക്തിക്കും ലഭിക്കും. പരിശുദ്ധാത്മാവിന്റെ സഹായമുണ്ടെങ്കിലേ ഇതു സാധ്യമാകൂ.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

***പ്രമുഖരായ പലരോടും ചോദിച്ചിട്ടും കൃത്യമായ മറുപടിയില്ലാത്ത ഒരു വിഷയം... സാത്താൻ നിരായുധനാണ് (കൊലോ. 2:15; 1 യോഹ. 3:8). ആയുധമില്ലാത്ത സാത്താനെ എന്തിന് ഭയക്കണം? നാം എന്തിന് അവനോട് പോരാടണം? ഇത് സജിത്ത് ജോസഫ് കണ്ണൂരിന്റെയും മറ്റുചില ദുരുപദേശക്കാരുടെയും ഉപദേശവിഷയമാണ്. 666 വിഷയത്തിൽ സജിത്ത് കണ്ണൂരിന് താങ്കൾ നൽകിയതുപോലെ പഴുതുകൾ അടച്ചുള്ള ഒരു മറുപടിയാണ് ആവശ്യം.***

ഡോ. വർഗ്ഗീസ് ഫിലിപ്പ്, തോന്നയ്ക്കൽ, കോലഞ്ചേരി, എറണാകുളം

സാത്താൻ മുഖാന്തരമാണ് പാപവും, മരണവും ലോകത്തിലേക്ക് കടന്നുവന്നത്. അവയാൽ പിശാച് മനുഷ്യരിൽ ആധിപത്യം പുലർത്തിക്കൊണ്ടിരുന്നു. ദൈവം "സ്ത്രീയുടെ സന്തതിയെ" വാഗ്ദാനം ചെയ്ത് സാത്താന്റെ ശക്തിയെ തകർക്കുമെന്ന് പറഞ്ഞിരുന്നു. ആ "സന്തതി" മുഖാന്തരം സകല ജാതികളും അനുഗ്രഹിക്കപ്പെടുമെന്നും പറഞ്ഞിരുന്നു (ഉൽപത്തി 22:18).

ആ വാഗ്ദാനങ്ങൾ നിറവേറ്റുവാൻ, ദൈവം ഒരു ദേശത്തെ, യിസ്രായേലിനെ വേർപെടുത്തി നിർത്തി. പഴയനിയമകാലത്ത്, ശേഷിച്ച ലോകത്തെ സ്വാധീനിക്കുവാൻ പ്രത്യേക ശ്രമങ്ങളും നടത്തി; എന്നാൽ അധികപങ്കും അജ്ഞതയിൽ കഴിയുകയും സാത്താൻ തന്റെ വഴികളുമായി പുരുഷാരത്തെ സ്വാധീനിക്കുകയും ചെയ്തുകൊണ്ടിരുന്നു.

അവസാനം, യേശു ലോകത്തിലേക്ക് വന്നു. സാത്താന്റെ ശക്തിയെ ഇല്ലാതാക്കുക എന്ന ലക്ഷ്യവുമായാണ് അവൻ വന്നത്. ഇതറിഞ്ഞ്, തന്നെ നശിപ്പിക്കുവാൻ വന്ന യേശുവിന്റെ പദ്ധതികൾ തുരങ്കം വെക്കുക എന്നതായി സാത്താന്റെ ദൗത്യം. എന്നാൽ സാത്താൻ തുടർച്ചയായി പരാജയം നേരിട്ടുകൊണ്ടിരുന്നു: അവൻ നേരിട്ട് യേശുവിനെ പാപം ചെയ്യിക്കുവാൻ ശ്രമിച്ചപ്പോൾ അവൻ പരാജയപ്പെട്ടു (മത്തായി 4). പരോക്ഷമായി യേശുവിനെ പാപം ചെയ്യുവാൻ പ്രലോഭിപ്പിച്ചപ്പോഴും അവൻ പരാജയപ്പെട്ടു (മത്തായി 16:23). നിയന്ത്രണം കൈവിട്ടുപോയപ്പോൾ റോമൻ ക്രൂശിൽ യേശുവിനെ കൊല്ലുവാൻ അവൻ യൂദയെയും യഹൂദപ്രമാണിമാരെയും ഉപയോഗിച്ചു.

യേശുവിന്റെ മരണവും തുടർന്നുണ്ടാകുന്ന ഉയർത്തെഴുന്നേൽപും തന്റെ പരാജയത്തിന് പ്രാഥമികമായി ആക്കം കൂട്ടുമെന്ന കാര്യമാണ് സാത്താൻ തിരിച്ചറിയാതെ പോയത് (അവൻ സർവ്വജ്ഞാനിയല്ലല്ലോ). യേശുവിന്റെ മരണത്താൽ പാപത്തിന്റെ ശക്തി ഇല്ലാതായി; യേശുവിന്റെ ഉയർപ്പ് മരണത്തിന്റെ ശക്തിയെ തകർത്തു (1 കൊരിന്ത്യർ 15:55-57).

യേശുവിന്റെ യാഗത്തിന്റെ പ്രയോജനം യഹൂദന്മാർക്ക് മാത്രമായിരുന്നില്ല, സകല മനുഷ്യർക്കും വേണ്ടിയായിരുന്നു. അവൻ മുഖാന്തരം അനുസരിക്കുന്ന ഓരോ വ്യക്തിക്കും സാത്താന്റെ ബന്ധനം പൊട്ടിച്ചെറിയുവാൻ കഴിയും. അതുകൊണ്ട്, ഈ രക്ഷാസന്ദേശം സകല ജാതികളിലും എത്തിക്കുവാൻ യേശു ശിഷ്യന്മാർക്ക് ആജ്ഞ കൊടുത്തു (മത്തായി 28:18-20). പത്രൊസ് ആദ്യമായി സുവിശേഷം പ്രസംഗിച്ചപ്പോൾ, രക്ഷ യഹൂദന്മാർക്ക് മാത്രമല്ല, "ദൂരസ്ഥന്മാരായ" വിളിച്ചു വേർതിരിക്കുന്ന ഏവർക്കുമുള്ളതാണെന്ന് പറഞ്ഞു (അ.പ്ര. 2:39).

സുവിശേഷത്തിന്റെ വ്യാപ്തി തടയുവാൻ സാത്താൻ ക്രിസ്ത്യാനികളെ ഉപദ്രവിക്കുവാൻ തുടങ്ങി, പക്ഷെ അവന്റെ പ്രവൃത്തി തിരിച്ചടിയായി. സുവിശേഷം യെരുശലേമിൽ മാത്രം ഒതുങ്ങി നിൽക്കാതെ, ഉപദ്രവം നേരിട്ടപ്പോൾ അതു വളരെ വേഗം വ്യാപിക്കുവാൻ തുടങ്ങി (അ.പ്ര. 8:1-4).

എവിടെയെല്ലാം സുവിശേഷം എത്തിയോ, വചനം കൈക്കൊണ്ട ഹൃദയങ്ങളിൽനിന്നു ഇരുൾ നീങ്ങുകയും വെളിച്ചം പ്രവേശിക്കയും ചെയ്തു (കൊലൊസ്യർ 1:13; 1 തെസലൊനിക്യർ 5:4; 1 പത്രൊസ് 2:9). കോടാനുകോടി ആളുകൾ "യേശുവിന്റെ രക്തത്താൽ" സാത്താന്റെമേൽ വിജയം കൈവരിച്ചു (വെളിപ്പാട് 12:11). ഒരിക്കലും ഉണങ്ങാത്ത ഒരു മുറിവാണ് സാത്താന് ലഭിച്ചത്. ഇപ്പോൾ പോരാടുവാനുള്ളത് നിരായുധനായ മുറിവേറ്റു പരാജയപ്പെട്ട ശത്രുവിനോടാണ്. അതേ സത്യംതന്നെയാണ്. ആയുധമില്ലാത്ത ശത്രുവിനോടാണ് നാം പോരാടുന്നത്.

നിരായുധനാക്കി എന്നതിനർത്ഥം പിശാച് ഇനി ഒരിക്കലും സജീവമായിരിക്കയില്ല എന്നാണോ? ഒരിക്കലുമല്ല. സഭയെയും ക്രിസ്ത്യാനികളെയും അവൻ ഇനി നശിപ്പിക്കുവാൻ ശ്രമിക്കുകയില്ല എന്നാണോ? അല്ല. ഇനി പിശാച് കഴിയുന്നേടത്തോളം ആളുകളെ തന്നോടൊപ്പം നരകത്തിലേക്ക് കൊണ്ടുപോകയില്ല എന്നാണോ? അല്ല. "പരിമിതപ്പെടുത്തി, പക്ഷെ പരിസമാപ്തി വരുത്തിയില്ല." "സാത്താനെ നിരായുധനാക്കി എന്നതിനർത്ഥം അവന്റെ ശക്തി കുറച്ചു എന്നാണ്. കർത്താവ് പല രീതിയിൽ സാത്താനെ പരിമിതപ്പെടുത്തിയിരിക്കുന്നു: അവന് വചനത്തെ നശിപ്പിക്കുവാൻ കഴിയുകയില്ല (മത്തായി 24:35; 1 പത്രൊസ് 1:25). അവന് സഭയെ നശിപ്പിക്കുവാൻ സാധ്യമല്ല (മത്തായി 16:18). സഹിക്കാവുന്നതിലധികമായി ക്രിസ്ത്യാനികളെ അവന് പരീക്ഷിക്കുന്നതിനും സാധിക്കുകയില്ല (1 കൊരിന്ത്യർ 10:13; 2 പത്രൊസ് 2:9). വിശ്വസ്തരായവർ പിശാചിനോട് എതിർത്തു നിന്നാൽ അവൻ അവരെ വിട്ട് ഓടിപ്പോകും (യാക്കൊബ് 4:7; എഫെസ്യർ 6:16). ക്രൂശ് നിമിത്തം ഇപ്പോൾ സഹോദരന്മാരെ കുറ്റപ്പെടുത്തുവാൻ ഉള്ള അവന്റെ അവകാശം നഷ്ടമായി.

സാത്താനെ നിരായുധനാക്കുന്നത് ഒരു കാട്ടുമൃഗത്തെ ചങ്ങലക്കിടുന്നതുമായി താരതമ്യം ചെയ്തിട്ടുണ്ട്. നാം ആ മൃഗത്തിനടുത്ത് പോകാതിരിക്കുന്നേടത്തോളം, അത് അപശബ്ദം പുറപ്പെടുവിക്കുകയും മറ്റും ചെയ്തേക്കാം, പക്ഷെ നമ്മെ ഉപദ്രവിക്കുവാൻ സാധ്യമല്ല. അവന്റെ പ്രദേശത്തേക്ക് നാം കടന്നുചെന്നാൽ, ബന്ധിച്ചാലും ഇല്ലെങ്കിലും, അവന് നമ്മെ കടിച്ചു കീറുവാൻ കഴിയും. നാം കർത്താവിന്റെ തൊഴുത്തിലെ വിശ്വസ്തമായ ആട്ടിൻകൂട്ടമായി, "അവന്റെ നീതിപാതകളിൽ" (സങ്കീ. 23:3) നടക്കുന്ന കാലത്തോളം സാത്താന് നമ്മിൽ ഒരു സ്വാധീനവും ചെലുത്തുവാൻ സാധ്യമല്ല. "ദൈവത്താൽ ജനിച്ചവനെ" സംബന്ധിച്ചിടത്തോളം, യോഹന്നാൻ പറഞ്ഞത്, "പിശാചിന് അവനെ തൊടുവാൻ സാധ്യമല്ല" (1 യോഹ. 5:18). എങ്ങനെയായാലും, നാം ദൈവത്തിൽ നിന്നകന്നുപോയാൽ, നമ്മുടെ പ്രതിയോഗി "അലറിക്കൊണ്ടുവരും" നമ്മെ വിഴുങ്ങുവാൻ (1 പത്രോ. 5:8).

ക്രൂശ് സാത്താനെ പരാജയപ്പെടുത്തി. സാത്താനെ നിരായുധനാക്കിക്കൊണ്ട് നമ്മെ സ്വതന്ത്രരാക്കി! അത് നമ്മെ സന്തോഷിപ്പിക്കുന്നു. എന്നാൽ അവനെ പരിമിതപ്പെടുത്തുക മാത്രമാണ് ചെയ്തിരിക്കുന്നത് എന്നു നാം അറിഞ്ഞിരിക്കണം. ആയുധമില്ലാത്തവനെ ഭയക്കേണ്ടതില്ല. പക്ഷെ നിരായുധൻ സജീവമായി രംഗത്തുണ്ട് എന്നത് മറക്കാതിരിക്കാം. സാത്താന് നിങ്ങളെ മോഹിപ്പിക്കാം, വശീകരിക്കാം, വാഗ്ദാനങ്ങൾ നൽകി പ്രലോഭിപ്പിക്കാം. അത്ഭുതങ്ങളിലൂടെയും, അടയാളങ്ങളിലൂടെയും, ഭൗതീകാനുഗ്രഹങ്ങളിലൂടെയും ആകർഷിച്ച് നിങ്ങളെ അവന്റെ വരുതിയിൽ നിർത്തുവാൻ സാത്താനു കഴിയും. "പിശാച് ഞങ്ങളെക്കൊണ്ട് ചെയ്യിച്ചു" എന്ന് ചിലർ ഒഴികഴിവ് പറയുന്നുണ്ട്. പിശാചിന് നമ്മെ വശീകരിച്ച് വഞ്ചിക്കാം, ചതിയ്ക്കാം. എന്നാൽ സർവ്വായുധവർഗ്ഗം ധരിച്ച (എഫേ. 6:10) ഒരു ദൈവപൈതലിനെ സാത്താന് ഒന്നും ചെയ്യാനാകില്ല. അവൻ നിരായുധനാണ്. അതുകൊണ്ട് പാപ പ്രവർത്തികൾക്ക് നാം തന്നെയാണ് ഉത്തരവാദികൾ. "നാം ഓരോരുത്തരും ദൈവത്തിന് കണക്ക് കൊടുക്കേണ്ടവരാണ്" (റോമ. 14:12). പാപത്താൽ നിങ്ങൾ നഷ്ടപ്പെട്ടിരിക്കുകയാണെങ്കിൽ, അതിന് നിങ്ങൾ മാത്രമാണ് ഉത്തരവാദി!

***രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ജനിച്ച ഒരു മനുഷ്യൻ എങ്ങനെയാണ് ദൈവമാകുന്നത്? ദൈവത്തിന് ജനനവും മരണവും ഇല്ലാതിരിക്കെ യേശുവിന് ഇത് രണ്ടും ഉണ്ടായതായി ബൈബിൾ പറയുന്നുണ്ടല്ലോ. ബൈബിളിൽ യേശു ദൈവപുത്രനും മനുഷ്യപുത്രനും മാത്രമാണല്ലോ. എന്നിട്ടും ക്രിസ്ത്യാനികൾ യേശുവിനെ ദൈവമായി അംഗീകരിക്കുന്നത് അബദ്ധവും ബൈബിൾ നിഷേധവുമല്ലേ.***

അബ്ദുൽ ലത്തീഫ്, എടരിക്കോട്, മലപ്പുറം

**തുടർച്ച 3**

യേശുവിന്റെ അവകാശവാദങ്ങൾ യാഥാസ്ഥിതിക പുരോഹിതവർഗ്ഗത്തെ കോപാകുലരാക്കി. ന്യായപ്രമാണം ഇഴകീറി പരിശോധിച്ചിരുന്ന അവർക്ക് യേശുക്രിസ്തുവിന്റെ അവകാശവാദത്തിന്റെ അർത്ഥം മനസ്സിലായി. അതുകൊണ്ടുതന്നെ അവർ അവനെതിരെ തിരിഞ്ഞു. ഏകദേശം മൂന്നര വർഷത്തിലധികമുള്ള പരസ്യശുശ്രൂഷയുടെ അവസാനത്തിങ്കൽ അവൻ യെരുശലേമിൽ വെച്ച് മഹാപുരോഹിതന്മാരും ശാസ്ത്രിമാരും തന്നെ തല്ലുകയും അപമാനിക്കുകയും ക്രൂശിക്കാൻ വേണ്ടി ജാതികൾക്ക് ഏൽപ്പിച്ചു കൊടുക്കുന്നതിനെയും മരണത്തിൽനിന്നുള്ള തന്റെ പുനരുത്ഥാനത്തെയും കുറിച്ച് ശിഷ്യന്മാരോട് പറയാൻ തുടങ്ങി (മത്താ. 16:21; 17:22,23, 20:17-19). യേശു പറഞ്ഞതുപോലെ തന്നെ അവർ അവനെ പിടികൂടി അപമാനിക്കുകയും തല്ലുകയും ചെയ്തതിനുശേഷം കൊല്ലാൻ വേണ്ടി റോമൻ പടയാളികൾക്ക് ഏല്പിച്ചുകൊടുത്തു (യോഹ. 19:15-19). അവന്റെ മരണശേഷം അവന്റെ ശിഷ്യന്മാർ അവന്റെ ശരീരം ഒരു പുതിയ കല്ലറയിൽ അടക്കം ചെയ്തു (യോഹ. 19:36-42). എങ്കിലും മൂന്നാം നാൾ യേശു ഉയർത്തെഴുന്നേറ്റു (ലൂക്കോ. 24:1-9). പിന്നെ നാല്പതു നാളോളം യേശു ശിഷ്യന്മാർക്ക് പലയിടങ്ങളിൽ വെച്ച് പ്രത്യക്ഷനായി, യേശു ശിഷ്യന്മാർ കാൺകെ സ്വർഗ്ഗാരോഹണം ചെയ്തു സ്വർഗ്ഗത്തിലേക്ക് കരേറിപ്പോയി (ലൂക്കോ. 24:50,51; അ.പ്ര. 1:9-11). ഇത്രയുമാണ് യേശുക്രിസ്തുവിനെക്കുറിച്ചുള്ള ബൈബിൾ വിവരങ്ങൾ. ഈ യേശുക്രിസ്തു ദൈവമാണ് എന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതിനു കാരണം അവിടുത്തെ അവകാശവാദങ്ങൾ ആണ്. പരിശുദ്ധ നിയോഗത്താൽ തിരുവെഴുത്തുകളെ രേഖപ്പെടുത്തി വെച്ച അവന്റെ ശിഷ്യന്മാർ യേശു ദൈവമാണ് എന്ന് അവന്റെ അവകാശവാദങ്ങളുടെയും ദൈവീക വെളിപ്പാടുകളുടെയും അടിസ്ഥാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ദൈവത്തിനു മാത്രം അവകാശപ്പെടാൻ സാധിക്കുന്ന ചില പ്രത്യേക വിശേഷണങ്ങളുണ്ട്. ഉദാഹരണമായി, ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചുവെന്നു ദൈവത്തിനു മാത്രമേ അവകാശപ്പെടാനാകൂ. "ഞാനാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചതെന്ന്" ഒരു മനുഷ്യൻ പറയുകയാണെങ്കിൽ ആ പ്രസ്താവന തെറ്റായിരിക്കും. കാരണം, ദൈവമൊഴികെ ആർക്കും അങ്ങനെ അവകാശപ്പെടാനാകില്ല. അങ്ങനെ ദൈവത്തിനു മാത്രം അവകാശപ്പെടാൻ കഴിയുന്ന കാര്യങ്ങൾ യേശു അവകാശപ്പെട്ടു എങ്കിൽ അതിനർത്ഥം യേശു താൻ ദൈവമാണെന്ന് തന്നെയാണ് വ്യക്തമാക്കിയത്. ഇവിടെ ദൈവത്തിനുമാത്രം അവകാശപ്പെടുന്ന ചില സ്വഭാവവിശേഷതകൾ നമുക്ക് പരിശോധിക്കാം. (തുടരും)

WEBSITE
vedahimani.com
FACE BOOK
vedahimani

# VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 150/-

Postal Registered No : KL/MVK/184/2018-2020
Posted on 15, 20 March 2018
at RMS Kayamkulam
Published on Ist March 2018
RNI Registered No. KERMAL/2002/7361

# യെരുശലേമിലേക്ക് പോകാം, യേശുവിനെ അനുഗമിക്കാം.

സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ എന്നാണ് 1 യോഹ. 5:19–ൽ കാണുന്നത്. അങ്ങനെയെങ്കിൽ ഈ ഭൂമിയിൽ വിശുദ്ധനാട് എന്നൊന്നില്ല. ഈ ലോകത്തിനപ്പുറമുള്ളതോ വരുവാനിരിക്കുന്നതോ മാത്രമാണ് വിശുദ്ധമായ നാട്.

ഹിന്ദുക്കൾക്കും മുസ്ലീംങ്ങൾക്കും എപ്പിസ്ക്കോപ്പൽ സഭക്കാർക്കും പുണ്യസ്ഥലങ്ങളും തീർത്ഥാടനകേന്ദ്രങ്ങളുമുണ്ട്. ഹിന്ദുക്കൾക്ക് ശബരിമല ഉൾപ്പെടെ അനേക തീർത്ഥാടന കേന്ദ്രങ്ങളുണ്ട്. മുസ്ലീംങ്ങൾ മക്കയിൽ പോകുന്നു. പട്ടത്വസഭക്കാർ പരുമലയിലും, മലയാറ്റൂരും, വേളാങ്കണ്ണിയിലുമൊക്കെ പോയി നിർവൃതി പ്രാപിക്കുന്നു... മക്കയിൽ നിന്ന് മടങ്ങുന്നവരെ ബഹുമാനത്തോടെ 'ഹാജി' എന്നു വിളിക്കും. അങ്ങനെയെങ്കിൽ യെരുശലേമിൽ പോയി വരുന്നവരെ തൽക്കാലം യെരുശലേം വിശുദ്ധന്മാർ എന്നു വിളിയ്ക്കാം. കയ്യിൽ പൂത്ത കാശുള്ളവരാണല്ലോ യെരുശലേം യാത്ര നടത്തുന്നത്. കർത്താവ് ഇതുപോലെയുള്ള സമ്പന്നന്മാരെ വിളിച്ചത് മൂഡാ എന്നാണ്. തൽക്കാലം കർത്താവ് ഉപയോഗിച്ച വാക്ക് ഞങ്ങൾ ഉപയോഗിക്കുന്നില്ല.



യേശുവിനെ ക്രൂശിച്ചുകൊന്ന നാട് വിശുദ്ധമാകുമെങ്കിൽ ക്രൂശിച്ചുകൊന്നവരും വിശുദ്ധരാണ്. മാമോന്റെ ഏജന്റന്മാരായ ടൂർ മുതലാളിമാർ പാവപ്പെട്ട വിശ്വാസികളെ വിഢികളാക്കുകയാണ്. മണ്ടന്മാരായി വിഢിവേഷം കെട്ടാൻ വിശ്വാസികളും അവർക്കു മേക്കപ്പിടുവാൻ കുറെ ആത്മീയ നേതാക്കളും ഉള്ളതുകൊണ്ട് പല താപ്പാനകളും പോക്കറ്റു വീർപ്പിക്കുന്നു. ബാങ്കു ബാലൻസ് കൂട്ടുന്നു. പലസ്തീൻ വിശുദ്ധനാടെന്നു പറഞ്ഞ് ജനത്തെ കബളിപ്പിക്കുന്നവരോടുംകൂടിയാണ് പത്രോസ് പറഞ്ഞത് "....എല്ലാ ചതിവും വ്യാജഭാവവും നീക്കികളയാൻ."

കഴിഞ്ഞ ദിവസം ഒരു പരസ്യം കണ്ടു. "....യേശുവിന്റെ കാൽചുവടുകളെ പിൻതുടരുവാൻ വിശുദ്ധനാട്ടിലേക്ക്." അപ്പോൾ കാശുള്ളവനെ യേശുവിന്റെ കാൽചുവടുകളെ പിൻതുടരുവാൻ കഴിയുകയുള്ളല്ലോ?! സഹോദരങ്ങളെ നിങ്ങൾ ആരെയാണ് മണ്ടന്മാരാക്കുന്നത്... ദൈവത്തെയോ, മനുഷ്യരെയോ? യേശുവിന്റെ കാൽചുവടുകളെ പിൻതുടരുവാൻ അവിടുന്ന് ഒരു നല്ല മാതൃക തന്നിട്ടുണ്ട് (1 പത്രോ. 2:21–23). അത് വ്യക്തമായി വചനത്തിൽ രേഖപ്പെടുത്തിയിരിക്കെ വചനവിരുദ്ധമായി പണത്തിനുവേണ്ടി വഞ്ചനയും തട്ടിപ്പും നടത്തുന്നവർക്ക് ബുദ്ധിയുണ്ടെങ്കിലും വിവേകമില്ല. താൽക്കാലിക നേട്ടം നിത്യനാശത്തിൽ അവസാനിക്കുന്നതാണെന്ന പ്രായോഗിക ജ്ഞാനം പോലും ഈ യെരുശലേം വിശുദ്ധന്മാർക്കില്ലാതെ പോയല്ലോ. ഇത് അന്ത്യകാലമാണെന്ന തിരുവചനസത്യമോർത്ത് നമുക്ക് സമാധാനിക്കാം. ദൈവത്തിന്റെ പേരിൽ എന്തെല്ലാം തട്ടിപ്പുകൾ... ഇവർ ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ കർത്താവേ എന്നു മാത്രമേ ഞങ്ങൾക്കു പറയാനുള്ളു.

ശാപഗ്രസ്തമായ ഈ ഭൂമിയിൽ ക്രിസ്ത്യാനികൾക്ക് വിശുദ്ധം എന്നു പറയുവാൻ ഒരു സ്ഥലവുമില്ല. വിശുദ്ധ നഗരം വരുവാനിരിക്കുന്നതേയുള്ളൂ. വചനമാണ് മനുഷ്യനായി അവതരിച്ചത്. വചനാനുസരണമാണ് നാം ദൈവത്തെ അനുഗമിക്കേണ്ടത്. പാപ വഴികളെ വിട്ട് മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് തിരിഞ്ഞ് തന്നെത്താൻ ത്യജിച്ച് ക്രൂശിന്റെ പാതയിലൂടെ യേശുവിന്റെ കാൽചുവടുകളെ അനുഗമിച്ചാൽ മാത്രമേ വിശുദ്ധനാട്ടിൽ എത്തുകയുള്ളൂ എന്ന സത്യം ക്രിസ്തുവിനെ അനുഗമിക്കുന്നവരെന്ന് അവകാശപ്പെടുന്നവരെങ്കിലും അറിഞ്ഞിരിക്കണം. വചനപ്രകാരം ജീവിയ്ക്കാൻ മനസില്ലാത്തവർ കാശുമുടക്കി പഴയ യെരുശലേം കാണുന്നത് നല്ലതുതന്നെ. കാരണം അവർക്ക് പുതിയ യെരുശലേമിൽ പ്രവേശിപ്പാൻ ഭാഗ്യമില്ലല്ലോ. ആരേയും വേദനിപ്പിക്കാനോ ആരുടെയെങ്കിലും കുഞ്ഞികുടി മുട്ടിക്കാനോ അല്ല ഞങ്ങൾ ഇത് എഴുതിയത്. യെരുശലേം വഞ്ചകന്മാർക്ക് ഒട്ടും ആവലാതി വേണ്ട. നിങ്ങൾ നിങ്ങളുടെ വഞ്ചന തുടർന്നുകൊള്ളൂ. പരമാർത്ഥികളായ വിശ്വാസികളുടെ മനസിനെ തൊട്ടുണർത്തുവാൻ മാത്രമാണ് ഞങ്ങൾ ഇത് എഴുതിയത്. വരുവാനിരിക്കുന്ന വിശുദ്ധനാട്ടിലേക്ക് വിശ്വാസപൂർവ്വം വിശുദ്ധിയോടെ നടന്നടുക്കുവാൻ ഏവർക്കും സംഗതിയാകട്ടെ.




☺ ആത്മാർത്ഥതയും സമർപ്പണവും ഇല്ലാത്തതാണ് വിലയേറിയ ദാസന്മാരുടെ പരാജയകാരണം എന്നു പറഞ്ഞാൽ.

പ്രശാന്ത് മോഹൻ, മാമങ്കലം, പാലാരിവട്ടം, കൊച്ചി

☹ **അതു ശരിയല്ല. അവർക്ക് ഭയങ്കര ആത്മാർത്ഥതയും സമർപ്പണവുമാണ്. അത് അവരോടും കുടുംബത്തോടും ആണെന്നു മാത്രം.**

☺ ദൈവവചനം വായിക്കുമ്പോൾ കരച്ചിൽ വരുമെന്ന് ഞങ്ങളുടെ ഇടയൻ. എന്തായിരിക്കും കാരണം.

ലില്ലി ജോൺ, മഠത്തിക്കോണം, കാട്ടാക്കട, തിരുവനന്തപുരം

☹ **വായിച്ചിട്ട് മനസിലാകുന്നില്ല. പ്രസംഗക്കാനൊന്നും കിട്ടുന്നുമില്ല. പിന്നെ എങ്ങനെ കരയാതിരിക്കും.**

☺ മാമോനെയും സാത്താനെയും ദൈവമക്കൾ ഉപേക്ഷിച്ചില്ലാ എന്നാണോ താങ്കൾ പറയുന്നത്.

മോനി ശമുവേൽ, വെള്ളൂർ, പാമ്പാടി, കോട്ടയം

☹ **തൊട്ടു... തൊട്ടില്ല, വിട്ടു... വിട്ടില്ല.**

☺ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്ന് ആളത്വങ്ങൾ ഒന്നാകുന്നതെങ്ങനെയെന്ന് വാചക കസർത്ത് കൂടാതെ തെളിയിക്കാമോ.

കെ. പി. പൗലോസ്, പാണംകുഴി, കൊമ്പനാട്, പെരുമ്പാവൂർ.

☹ **1x1x1=1**

☺ ഒന്നുമില്ലായ്മയിൽ നിന്ന് ദൈവം ഉയർത്തിയവർക്ക് ആത്മീയ മുന്നേറ്റമില്ലെന്നു പറഞ്ഞാൽ.

ബിജു തങ്കച്ചൻ, പുല്ലംകോട്, വാളകം, പെരുമണ്ണൂർ

☹ **അവർക്കാദ്യം വേണ്ടത് വിവരവും സംസ്കാരവുമാണ്.**

☺ നേരം പോകാൻ ഒരു വഴി പറഞ്ഞുതരാമോ.

ഈശോ മാമ്മൻ, കങ്ങഴ, ഇടയപ്പാറ, കോട്ടയം

☹ **നേരത്തെ കിടക്കുക. നേരം വൈകി എഴുന്നേൽക്കുക.**

☺ മനുഷ്യന്റെ അഹങ്കാരം കണ്ടിട്ട് ഭയം തോന്നുന്നു.

ഷീബാ അലക്സ്, പള്ളത്ത്, മുളക്കുഴ, ചെങ്ങന്നൂർ


☹ **അതു മാറാൻ നല്ല ഒരു മഴയോ കാറ്റോ വന്നാൽ മതി.**

## ഇങ്ങനെയും ഒരു കാലം 7

ഒരുകാലത്ത് ഏതൊക്കെ രീതിയിലുള്ള ശിക്ഷാരീതികളാണ് നാട്ടിലുണ്ടായിരുന്നത്!

ശക്തൻ തമ്പുരാൻ കൊച്ചി ഭരിക്കുന്ന കാലം. തൃപ്പൂണിത്തുറയിൽനിന്ന് എറണാകുളത്തേക്കു പുറപ്പെട്ട ഒരു നമ്പൂതിരിയെ വഴിക്കുവെച്ച് നാട്ടുകാരിൽ ചിലർ മർദ്ദിച്ചവശനാക്കി പണം തട്ടിയെടുത്തു. 'ഓൾഡ്മാൻ' മടങ്ങി തൃപ്പൂണിത്തുറവന്ന് ശക്തനെ മുഖം കാണിച്ചു.

നമ്പൂരിഭരണഘടന നിലനിന്നിരുന്ന കാലമായിരുന്നതിനാൽ എഫ്.ഐ.ആർ. കണ്ടു മനസിലാക്കിയ തമ്പുരാൻ ഉടൻ നടപടിയെടുത്തു. അക്രമം നടന്ന സ്ഥലത്തെ പുരുഷന്മാരെല്ലാം വലിയൊരു കുടവും കയറുമായി എറണാകുളം കായൽക്കരയിൽ എത്തണമെന്നായിരുന്നു ആജ്ഞ. അഞ്ഞൂറോളം പുരുഷന്മാർ കുടവും കയറുമായി പിറ്റേന്നു കായൽക്കരയിൽ ഹാജരായി.



നമ്പൂതിരിയെ ആക്രമിച്ച് പണം തിട്ടിയവർ പണം തിരിച്ചെത്തിച്ച് മാപ്പുപറഞ്ഞില്ലെങ്കിൽ കടുത്ത ശിക്ഷ നൽകുമെന്ന് ശക്തൻ അവരോടു പറഞ്ഞു. എന്നാൽ, ആരും കുറ്റമേൽക്കാൻ തയാറായില്ല. അവരെ കൊച്ചിക്കായലിൽ ജീവനോടെ കെട്ടിത്താഴ്ത്താനായിരുന്നു കുപിതനായ ശക്തന്റെ ഉത്തരവ്! ശിക്ഷ നടപ്പാക്കിയതോടെ നാട്ടിലെ യഥാർത്ഥ കൊള്ളക്കാർ സംഭീതരായി കൊട്ടാരത്തിൽ ഹാജരായി; പണം തിരിച്ചുനൽകി മാപ്പു പറഞ്ഞു. ശക്തൻ തമ്പുരാന്റെ ഏറ്റവും കഠിനമായ ശിക്ഷകളിലൊന്നായിരുന്നു കൊച്ചിക്കായലിലെ കയത്തിൽ കുറ്റവാളികളെ ജീവനോടെ താഴ്ത്തുകയെന്നത്. (തുടരും)




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew